മലങ്കര ഇടവകപത്രിക

പുസ്തകം ൧൩ | ൧൯൦൪. നീസാൻ | ലക്കം ൪

NOTICE

"സ്സുവഹ്റായെ" എന്ന പുസ്തകത്തിൽ തങ്ങളുടെ പേരുകൾ എഴുതിക്കുന്നവരായ ജീവനോടിരിക്കുന്നവർക്കു തങ്ങളുടെ മരണാശേഷം മുൻ എഴുതിച്ചതായ ദിവസം ഭേദപ്പെടുത്തി, അവർ മരിക്കുന്നതായ തിയ്യതിയിൽ കുർബ്ബാന ചൊല്ലുവാൻ തക്കവണ്ണം ഏർപ്പാടു ചെയ്യണമെന്നു പലരിൽനിന്നും അപേക്ഷ വരികയാൽ, അപ്രകാരം തന്നെ ചെയ്യാൻ തീർച്ചയാക്കിയിരിക്കുന്നു.

അതിനാൽ "സ്സുവഹ്റായെ"യിൽ ചേർന്നു പിന്നീടുമരിച്ചുപോകുന്നവരുടെ കുഡുംബക്കാർ തങ്ങളുടെ മരിച്ചുപോയ ആളുടെ മരണദിവസം ഏതു മാസവും തിയ്യതിയും ആകുന്നു എന്നുള്ള വിവരം ഉടനെ അറിയിച്ചുകൊള്ളേണ്ടതാകുന്നു.



"ലേലബൊ" എന്ന നീതി ന്യായക്കോടതി.

നമ്മുടെ സമസൃഷ്ടികളുടെ ഇടയിൽ ഉണ്ടാകുന്നതായ സകലവിധ വഴക്കുകളും അന്യായങ്ങളും തീർത്തു തീരുമാനിക്കുന്നതിന്നായി ലോകത്തിന്റെ നാനാഭാഗങ്ങളിലും രാജാക്കന്മാർ, തങ്ങളുടെ കോടതികളിൽ അതിശ്രദ്ധയോടെ ന്യായകർത്താക്കന്മാർ വക്കീലന്മാർ ഗുമസ്തന്മാർ മുതലായ ഉദ്യോഗസ്ഥന്മാരെ തങ്ങളുടെ ശക്തിക്കു തക്കവണ്ണം ഏർപ്പെടുത്തി, നീതിന്യായത്തെ പരിപാലിച്ചു വരുന്നു.

എന്നാൽ മേൽ പറയുന്ന കോടതികളിലെ ന്യായകർത്താക്കന്മാർ തങ്ങളുടെ ന്യായം, യുക്തി, മുതലായവയെ അടിസ്ഥാനമാക്കി കണ്ടു പ്രമാണിച്ചതിന്, സത്യത്തെ നേരുകേടിൽ മറിച്ചുകളഞ്ഞു. നീതിമാനെ, ന്യായത്തിൽ തോല്പിക്കയും, അക്രമക്കാരനെ, നിർവിചാരിച്ചു വിടുകയും ചെയ്യുന്നതു എത്ര അപൂർവ്വമല്ല.

ന്യായാധിപതിമാർ തങ്ങളുടെ കണ്ണുകളെ കുരുടാക്കിത്തീർക്കുന്നതായ കൈക്കൂലി എന്ന തിമിരവ്യാധിയാൽ ബാധിക്കപ്പെടാതെ, സത്യത്തെയും, ന്യായത്തെയും പൂർണ്ണമായി കണ്ടിട്ടുപോലും അസാധാരണമായി കഴിച്ചുപോകുന്നതായിരുന്നാൽ വിധികളുടെ നേരെ സത്യം കണ്ണുനീർ ഒഴുക്കുന്നതു എത്ര ദുർല്ലഭമായിരുന്നു.

ന്യായാധിപതിമാരുടെ ന്യായാധിപതിയായിരിക്കുന്ന നീതിയുള്ള ന്യായാധിപതിയുടെ അതിഭയങ്കര ന്യായസിംഹാസനത്തിൻ മുമ്പാകെ; നീതികേടായി ന്യായം നടത്തിയിട്ടുള്ള ന്യായാധിപതന്മാർ കാലം തിരയലോടെ നില്ക്കുമ്പോൾ, തന്റെ സ്ഥാനാപതികൾ എന്ന കവചനാമം ധരിച്ചുകൊണ്ടു തന്റെ ജനത്തിന്റെ ന്യായത്തെ മറിച്ചുകളഞ്ഞിട്ടുള്ള അന്യായക്കാരായ ന്യായാധിപതിമാർ തന്റെ അടുക്കൽ നില്പാൻ കഴിയുമൊ.

ഭൂമിയിലെ ന്യായാധിപതിമാർ, തങ്ങളെക്കാൾ, ജ്ഞാനവും വിവേകവും ശ്രേഷ്ഠതയും കുറഞ്ഞവരായ സമസൃഷ്ടികളെതന്നെ വിധിക്കുന്നതിനാൽ പാപം ളെപ്പോലെ ബുദ്ധിയുള്ളവരും പ്രാപ്തന്മാരെപോലെ പരമാർത്ഥമുള്ളവരും ആയിരിക്കുന്നില്ലായെങ്കിൽ അവർക്കു കൂടെ വലിയ ന്യായാധിപതിയുടെ തിരുമുമ്പിൽ ഉത്തരം ബോധിപ്പാൻ കഴിവില്ലാതെ വരുന്നതു.

എന്തുകൊണ്ടെന്നാൽ "നീ അളക്കുന്ന അളവിനാൽ നിനക്കു തിരികെ അളക്കപ്പെടും" നീ സത്യമുള്ളവന്റെ കണ്ണുനീരിനെയും വിധവയുടേയും സഹായമില്ലാത്തവന്റെയും നെടുവീർപ്പിനെയും ശമിപ്പിക്കയെങ്കിൽ നിന്റെ ജീവനം തന്റെ കണ്ണുകളിൽ വിലയേറിയതായിരിക്കും, നിന്റെ കിരീടം പ്രകാശം കൊണ്ടു ചിതങ്ങും നിന്റെ മുമ്പിലത്തെ നീതി നിന്റെ നിലയെ ഉറപ്പിക്കും, നീ പാപിനായവരിൽനിന്നു പേർ തിരിച്ചു ബഹുമാനിക്കപ്പെടുകയും ചെയ്യും.

എന്നാൽ എല്ലാ മനുഷ്യരും ഓരോ സമയങ്ങളിൽ ന്യായാധിപ സ്ഥാനം വഹിക്കേണ്ടുന്നവരാകുന്നു എന്നുള്ള ബോധം മനസ്സിലാകത്തക്കവണ്ണം ഉണ്ടായിരിക്കും. എങ്കിലും അവർ വിധികർത്താക്കന്മാരാകയാൽ ഈ ഉപദേശം അവർ അനുസരിക്കേണ്ടാൻ നിവൃത്തിയില്ല. ഞാൻ ഒരു ന്യായാധിപതിയോ എന്നു തന്നോടു തന്നെ ചോദ്യം ചെയ്തു അല്പനേരം ആഴമായി ധ്യാനിച്ചു നോക്കി ഈ കാര്യങ്ങളെ കാണട്ടെ. ലൗകിക കോടതിയുടെ മുഖപക്ഷവും കൈക്കൂലിയും നിമിത്തം നീതിന്യായകോടതിയെന്ന പേരിനു സാക്ഷാൽ അർഹതയുള്ളതായി ചിലതിനെപ്പറ്റി സംശയിക്കേണ്ടിവരുന്നു. നാം എല്ലാവരും പലപ്പോഴും ചെറിയതായിട്ടെങ്കിലും ചില ന്യായങ്ങൾ നീക്കുകയും അറിയുന്ന വിധി പറകയും ചെയ്യുന്നുള്ളവരും ഇനിയും ചെയ്യുന്നവരുമത്രെ. ഈ കണ്ണുള്ള കോടതിയിലെ ന്യായാധിപന്മാരെപ്പോലെ നാമും ന്യായവിധികൾ നാളും ഉത്തരം കൊടുക്കേണ്ടവരാകുന്നു. അതിനാൽ അല്പമായതിലും സൂക്ഷ്മമുള്ളവരായിരിപ്പാൻ വേണ്ടിയിരിക്കുന്നു. ഇവിടെ നാം വിശ്വസ്തന്മാരായി കാണപ്പെടുന്നില്ലെങ്കിൽ ക്രൂരതൽസ്ഥാനത്തിലേക്കു നാം ഉയർത്തുകയോ, പരിശുദ്ധന്മാരോടു കൂടെനിന്നു സകല ജാതികളെയും വിധിക്കുന്നതായ മഹിമയേറിയ പദവിക്കു നാം അവകാശികളായിരിക്കയോ ചെയ്യുവാൻ കഴിയുന്നതല്ലാതാകുന്നു.

ഇനിയും മേൽ വിവരിച്ചതായ "ശലബോ" എന്ന നീതിന്യായകോടതിയെപ്പറ്റി അല്പം ചിന്തിച്ചുനോക്കാം. മൊത്തമായി ചില ദിക്കുകളിൽ ഇങ്ങിനെ ഒരു കോടതി ഉണ്ടെന്നുള്ള സംഗതിപോലും അറിഞ്ഞിട്ടില്ലാത്തവരായ അധികംപേരും. ചിലർ ഇതിനെക്കുറിച്ചും കേവലം കേട്ടിട്ടുണ്ടെന്നോ ഒരു സമയം ഓർമ്മിച്ചിട്ടുണ്ടെന്നോ വന്നേക്കാം. എങ്കിലും ഇതിലെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചു പ്രത്യേകിക്കയോ അതിൽ നടക്കുന്ന സംഗതികളെപ്പറ്റി ആലോചിക്കയോ ചെയ്യാത്തവരാകയാൽ ഇതിനെപ്പറ്റി അവർക്കു ഒരു സ്വരൂപവും ഇല്ലെന്നു തോന്നും പറവാൻ. ഈ കോടതിയെപ്പറ്റി വേണ്ടപോലെ അറിവുള്ളവർ ആയിരത്തിൽ ഒരുവനുണ്ടോ എന്നു തോന്നുന്നില്ല. ശലൊമോൻ പറയുന്നതു കോടതിയിൽ വ്യവഹാരത്തിനു വേഗപ്പെടുന്നവൻ ഭോഷനെന്നാണ. (സുഭാ. ൨൫. ൮—൧൦) എന്നാൽ ശലബോ എന്ന കോടതിയിൽ വ്യവഹരിക്കാത്തവൻ ബുദ്ധിക്കുറവുള്ളവനാകുന്നു. (൧. കൊരി. ൨. ൧൦ റോമ. ൭. ൧൪. ൧൫) ഈ വാക്യങ്ങളാൽ ഒരു വലിയ തർക്കവും ന്യായതീർപ്പും ഉണ്ടായി കഴിയുന്നു എന്നു കാണുന്നു.

എന്നാൽ ശലൊമോൻ പറയുന്നതു ജഡസംബന്ധവും മറ്റേതു ആത്മസംബന്ധവുമാകയാൽ അദൃശ്യമായിരിക്കുന്ന രണ്ടാമത്തേതിനെപ്പറ്റി ആണു നാം പറയുന്നതു. ഈ കോടതിയിൽ വ്യവഹരിക്കാതിരിക്കണമെന്നു ഒരുവൻ ആഗ്രഹിച്ചാലും അതിനു ഒരു ഒഴികഴിവില്ല. ആരും അധികമായി ഈ കോടതിയിലേക്കുള്ള പ്രവേശനത്തെ വെറുക്കുന്നുവോ ആയവൻ അധികമായി ഇതിൽ ഉൾപ്പെടുവാൻ ഇടവരുന്നു. അതിനാൽ ഈ കോടതി ഒരു അസാമാന്യമായി തോന്നിപ്പോകുന്നു.

ഈ കോടതിയിലെ ഉദ്യോഗസ്ഥന്മാർക്കു രാവെന്നും പകൽ എന്നും ഞായറാഴ്ചയെന്നും ദിവസമെന്നും വ്യത്യാസമില്ല. അവർ എപ്പോഴും കച്ചേരിയിൽ ഹാജരായിരിക്കും. ഈ തരം കോടതി എത്ര ഉണ്ടായിരിക്കുമെന്നു ചോദിക്കുന്നുവെങ്കിൽ അളവില്ലാത്ത പ്രകാരം അനേകായിരങ്ങൾ ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു

ഈ കോടതികളുടെ സ്ഥാപനമൊ. ആദ്യം മനുഷ്യശരീര രാജ്യത്തിന്റെ തലസ്ഥാനവും മഹാരാജാവിന്റെ കൊട്ടാരവുമാകുന്ന ഹൃദയമെന്നിലാകുന്ന പണി ചെയ്യപ്പെട്ടിരിക്കുന്നതു. ഈ കോടതിയിലെ ജഡ്ജിയെ മഹാരാജാവത്രെ നിയമിച്ചിട്ടുള്ളതെങ്കിലും ഇവൻ പലപ്പോഴും രാജകല്പനയ്ക്കു വിരോധമായി പ്രവൃത്തിക്കയും പക്ഷഭേദം പിടിച്ചുകൊണ്ടു കാര്യങ്ങളെ ക്രമക്കേടായി വിധിക്കുന്നതിനാൽ രാജാവിനു ഇവനെ അത്ര വിശ്വാസമില്ല. എങ്കിലും ഒരു കീഴുദ്യോഗസ്ഥൻ രാജാവിന്റെ സ്വന്തം സ്ഥാനാപതിയെ പോലെ തന്റെ ന്യായങ്ങളെ പറഞ്ഞു വ്യവഹരിക്കുന്ന ഒരു വിശ്വസ്ത ഭൃത്യനത്രെ. ചിലപ്പോഴൊക്കെ തെളിവൊടെ ഈ ഉദ്യോഗസ്ഥൻ കോടതിയിൽ മൌനവ്രതം അനുഷ്ഠിക്കാറുണ്ടു. അപ്പോൾ മൌനം അർദ്ധസമ്മതമെന്നു കരുതി, ന്യായാധിപതി കാര്യങ്ങളെ ക്രമക്കേടായി വിധിക്കുകയും ചെയ്യുന്നു.

൨. കോടതിയിൽ വാദികൾ ഇല്ലാതെ ഇരുകക്ഷികൾ അപ്പോഴൊക്കെ അന്യോന്യം പ്രതിവാദിച്ചു അന്യായവും കൊണ്ടു വരുന്നതു കണ്ടാൽ ഒട്ടും ശങ്കിക്കേണ്ടുന്ന ആവശ്യം ഉണ്ടാകയില്ല. ഇതിൽ ലഹളപ്രിയനായ ഒരു കക്ഷിയെ അടക്കാൻ കഴിയുന്നതല്ല. മറ്റവൻ വളരെ ദയാലുവും നല്ലവനും ആകുന്നു എങ്കിലും ഇവർ ഇരുവരും മിത്രങ്ങളെ പോലെ രാജ്യത്തിന്റെ അഭിവൃദ്ധിക്കു വേണ്ട കാര്യങ്ങൾ ചെയ്യേണം എന്ന രാജാവിന്റെ കല്പനയുള്ളതിനാൽ. രാജ്യക്ഷേമത്തിനു ആവശ്യപ്പെട്ട കാര്യവും ഒരുമിച്ചു ചെയ്യാൻ മറ്റവനോടു ആലോചിക്കുമ്പോൾ സ്വാഭിപ്രായങ്ങൾ ഉണ്ടാകുന്നതുകൊണ്ടു ഒരുവൻ മറ്റവനെയും വലിച്ചിഴച്ചുകൊണ്ടു കോടതിയിലേക്കു പോകുന്നു.

മേൽപറഞ്ഞ ഇരുകക്ഷികളിൽ ഒന്ന ജഡം മറ്റേതു ആത്മാവു ഇവർ കോടതിയിലേക്കു പ്രവേശിക്കുമ്പോൾ, ഇവർക്കു വക്കാലത്തു പറവാനായിട്ടു രണ്ടു പ്ലീഡർമാർ ഇവരുടെ വരവു നോക്കി വാതുക്കൽ നില്ക്കയായിരിക്കും. ജഡത്തിന്റെ വക്കീൽ മഹാദുഷ്ടൻ തന്നെ. ഇവനു പാതാളസൂത്രങ്ങൾ നല്ലപരിചയമുള്ളതിനാൽ പലപ്പോഴും ഇവൻ നയവഞ്ചനയാൽ ന്യായാധിപതിയുടെ കണ്ണുകളെ കുരുടാക്കിയിട്ടു സത്യത്തെ നീതിക്കേടിൽ മറെച്ചുകൊണ്ടു ജഡഭാഗം പൂർണ്ണമായി വിധിപ്പാൻ ഇടയാകുന്നതിനാൽ അനേകർ ഇവനോടു കൂടെ പാതാളത്തിലേക്കു പോയി ഇവനെ അനുഗമിക്കുന്നു.

എന്നാൽ ആത്മാവിന്റെ വക്കീലൊ വളരെ നല്ലവനും സൌമ്യശീലനുമാകുന്നു. ഇവൻ ദൈവത്തിന്റെ ദൂതനും, ആത്മാക്കളെ അനുതാപത്തിലേക്കു തിരിപ്പാനും രക്ഷയുടെ പാതയിൽ കൂടെ ജീവന്റെ തുറമുഖത്തേക്കു വഴി നടത്തുവാനുമുള്ള നല്ല ഉപദേശങ്ങൾ യഥാർത്ഥ്യം പോലെ ഉപദേശിപ്പാൻ തക്ക പ്രാപ്തിയുള്ളതിനാൽ ഇവനെ ഒരു ദിവ്യ പ്ലീഡർ എന്നു തന്നെ പറയാം. അനുസരണമുള്ളവരും വിനയമുള്ളവരുമായ ഭക്തന്മാർ ഇവന്റെ വചനങ്ങളെ നിലത്തു വീഴാതെ കൂട്ടുകയില്ല. ഇവനു സ്വർഗ്ഗം, അന്ത്യ ന്യായവിധി, നരകം മുതലായവയെ തെളിച്ചു കാണിച്ചുകൊണ്ടു തന്റെ ദിവ്യ ശാസനയോടുകൂടിയ ഉപദേശങ്ങളാലും തക്കങ്ങളാലും എതിർകക്ഷിയുടെ വക്കീലിന്റെ മിണ്ടടക്കിക്കളയുന്നു. അപ്പോൾ ആത്മാവിന്റെ ഭാഗം പൂർണ്ണമായി വിധിക്കപ്പെടുന്നതിനാൽ ന്യായാധിപതി നിർബന്ധിക്കപ്പെടുന്നതിനാൽ ആത്മഭാഗം ജയം പ്രാപിക്കുന്നതിനോടുകൂടെ ആത്മാവിന്റെ ശം സഖിമാരായ ദൂതന്മാരും ഏറ്റവും ആനന്ദിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു ഇവൻ ഹേതുഭൂതനായി എന്നു ഓർത്തു അവരോടുകൂടെ ഇവനും സന്തോഷിക്കുന്നു. ഇനിയും ഈ കോടതിയിലെ ന്യായാധിപതിയെപ്പറ്റി അല്പം അറിയേണ്ടിയിരിക്കുന്നു. ആത്മാവിന്റെയും ജഡത്തിന്റെയും തക്കം കേട്ടു ന്യായമായി തീരുമാനിപ്പാനായി മഹാരാജാവു (ദൈവം) ഈ ന്യായാധിപതിയെ മനുഷ്യശരീര രാജ്യത്തിന്റെ തലസ്ഥാനത്തെക്കു ജഡ്ജിയായി നിയമിച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള ഒരു ജഡ്ജിയെ ഈ കോടതിയിലേക്കു കല്പിച്ചാക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു നമുക്കു തോന്നിയേക്കാം. എന്നാൽ ആദ്യം ദൈവത്തിന്റെ ഇഷ്ടം പോലെ വിധിക്കുന്ന ന്യായാധിപതിയെ നിയമിച്ചു കൊണ്ടായിരുന്നു ഞങ്ങളുടെ ഭാഗം തോൽവി ഭവിച്ചുപോയതു എന്നു പറഞ്ഞു പിറുപിറുത്തുകൊണ്ടു പിശാചുക്കൾക്കു തങ്ങളുടെ നാവിനെ ഉപ്പു

ത്തുവാൻ ജഡപദാർത്ഥങ്ങൾക്കു ഒരു ദിവ്യ ഉദ്ദേശം ഉള്ളപ്രകാരം പ്രത്യക്ഷപ്പെടുന്നു. അതിനാൽ സ്വാതന്ത്ര്യം എന്ന തന്നിഷ്ടകാരനായ ന്യായാധിപതിയിന്മേലാകുന്നു ആത്മാവിന്റെയും ശരീരത്തിന്റെയും ജയവും തോൽവിയും ആശ്രയിച്ചിരിക്കുന്നതു.

ആകയാൽ മനുഷ്യാ! നീ തന്നെ വിധികർത്താവും, നിന്നിൽതന്നെ ശിക്ഷകളും അടങ്ങിയിരിക്കുന്നു എന്നുള്ളതായ എത്രയും ആശ്ചര്യകരമായ സ്ഥിതിയിൽ നീ ആക്കപ്പെട്ടിരിക്കുന്നതിനാൽ പലരെ ഭയപ്പെടേണ്ടിയിരിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ രാജനിയമത്തിന്റെ ലംഘനം ചെയ്താൽ അതിനുള്ള ശിക്ഷ മറ്റുള്ളവരാൽ പെടുന്നതിലും ഭാരമായിരിക്കും. ന്യായം വിധിക്കുന്ന മനുഷ്യനായുള്ളോവേ! നീ ശിക്ഷിക്കപ്പെടുവാൻ പോകുന്നു. വിധിക്കുന്ന നീ അതിനൊത്തവണ്ണം പ്രവൃത്തിക്കുന്നു. അതിനാൽ നിന്റെ വലിയ ന്യായാധിപതി കർത്താവാകുന്നു എന്നറിഞ്ഞു മുഖപക്ഷം കൂടാതെ നീയും വിധിച്ചുകൊള്ളേണ്ടിയിരിക്കുന്നു. നീ വിധിക്കുന്ന കാര്യത്തെ നീ തന്നെ പ്രവൃത്തിച്ചു അപമാനതയനുഭവിപ്പാൻ ഇടവരാതെ നന്നേ സൂക്ഷിച്ചുകൊള്ളുകയും വേണം. നിന്റെ വിധി, ഒത്തപോലെ നീ പ്രവൃത്തിക്കുന്നെന്നിരുന്നാൽ ഈ അധികാരം ആരിൽനിന്നു നീ പ്രാപിച്ചുവോ ആയവനെ സകലത്തിലും അനുസരിച്ചു കീഴ്പ്പെടണം. നിന്റെ അധികാരത്തെ തന്റെ ഉല്പാദത്തിങ്കൽനിന്നു കൊണ്ടു നിന്റേതു എന്നു നീ നിരൂപിക്കുന്നതിനെ തനിക്കായിട്ടു തന്നെ വിട്ടുകൊടുക്ക. അപ്പോൾ താൻ തന്നെ നിന്നെക്കൊണ്ടു യോഗ്യമായിരിക്കുന്നപ്രകാരം പ്രവൃത്തിപ്പിക്കുംകാലമോ. താൻ നിനക്കു തന്നിരിക്കുന്നതിനെ അത്രെ നിന്നോടു ചോദിക്കുന്നതു എന്നോ കൊടുപ്പാൻ ഭാവമില്ലയോ അതു നിന്റെ സ്വാതന്ത്ര്യത്തെ കൊണ്ടു നിനക്കു ലഭിച്ചതല്ലാത്തപ്പോൾ നീ മറുത്തു നില്ക്കുന്നു. “എന്റെ പുത്രാ! നിന്റെ ഹൃദയത്തെ എനിക്കു തരിക” എന്നു ഉടമസ്ഥൻ തന്റെ ദാസനോടു ചോദിക്കുന്നു.

ഒരു മഹാരാജാവു രാജ്യകാര്യങ്ങൾ തന്റെ പുത്രനെ ഏല്പിച്ചുംവച്ചു ദൂരദേശത്തേക്കു പോയി തിരികെ വന്നപ്പോൾ, തന്റെ പുത്രൻ അധികാരത്തെ ശരിയായി നടത്തുന്നില്ല എന്നു കണ്ടിട്ടു അതിനെ തിരികെ ആവശ്യപ്പെട്ടാറെ, പുത്രൻ തന്നെ സ്വാതന്ത്ര്യത്താൽ രാജാവെന്ന നിലയിൽ മറുത്തു നില്ക്കുന്നുവെങ്കിൽ തന്റെ കോപം ആ പുത്രന്റെ മേൽ ജ്വലിക്കാതിരിക്കുമോ.

തന്റെ പുത്രനെക്കൊണ്ടു അധികാരം നടത്തിക്കുന്നതിനു തനിക്കു വിരോധമുണ്ടായിട്ടല്ല. എന്നാലോ അവന്റെ നന്ദിയില്ലാത്ത സ്വഭാവം കൊണ്ടു തനിക്കു അവനോടു അപ്രീതി തോന്നിയതാകുന്നു. അതിനാൽ ദൈവം നിനക്കു നൽകിയിരിക്കുന്ന ഹൃദയത്തെ താൻ നമ്മോടു ആവശ്യപ്പെടുന്നു. അതു നമ്മിൽനിന്നു പറിച്ചെടുത്തുകൊണ്ടുപോകുന്നല്ലാ എന്നാലോ തന്നെ ആദരവോടെ അതിനുള്ളിൽ പ്രവേശിപ്പിച്ചു സിംഹാസനത്തിന്മേൽ എഴുന്നെള്ളിച്ചിരുത്തിയാൽ മാത്രം മതി. അപ്പോൾ തനിക്കു നിന്റെമേൽ സ്നേഹമേറിയ വിശ്വാസം ഉണ്ടാകയും താൻ ആദ്യപരനായി മാത്രം ഇരുന്നുകൊണ്ടു സകല കാര്യങ്ങളും വിധികളും നിന്നെക്കൊണ്ടു യുക്തംപോലെ നിന്നെക്കൊണ്ടു നടത്തിച്ചുകൊള്ളുകയും ചെയ്യും.

ആലുവാ തൃക്കുന്നത്തു സെമിനാരിയോഗം.

ഈ യോഗം ൧൦൭൯ൽ മീനം ൧൪-ാം തീയതി സെമിനാരിസ്ഥലത്തു കൂടി. നി. വ. ദി. ശ്രീ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളും അങ്കമാലി, കോട്ടയം ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളും വ. ദി. ശ്രീ. യാക്കോബ്റമ്പാച്ചൻ അവർകളും, വ. ദി. ശ്രീ. പൌലോസ് റമ്പാച്ചൻ അവർകളും, വ. ദി. ശ്രീ ഗീവറുഗീസ് റമ്പാച്ചൻ അവർകളും, അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട പള്ളി

കളിലെ പ്രതിപുരുഷന്മാരായ പട്ടക്കാരും അത്മെനികളും മറ്റു ചില ഇടവകകളിൽനിന്നും പല മാന്യന്മാരും ഹാജരുണ്ടായിരുന്നു. വലിയ തിരുമെനിയാണ അഗ്രാസനാധിപത്യം വഹിച്ചതു. സിമ്മനാരികാൎയ്യം സംബന്ധിച്ച ചില നിശ്ചയങ്ങൾ ചെയ്കയും മിസ്റ്റർ എം. പി. വൎക്കി എഴുതി അയച്ചുതന്ന ഒരു പ്രസംഗം യോഗമുമ്പാകെ വായിക്കുകയും അപ്പോൾ ഹാജരുണ്ടായിരുന്നവർ പ്പാറാ.ൽ ചിലാനം ഉറപ്പിക്ക സിമ്മനാരിവകക്കു കൊടുപ്പാൻ സമ്മതിച്ചു ലിസ്റ്റിൽ ഒപ്പിട്ടുതരികയും ചെയ്തു. മിസ്റ്റർ വൎക്കിയുടെ പ്രസംഗവും മുൻപറഞ്ഞ ലിസ്റ്റും ഇതുസഹിതം അയക്കുന്നു. ഇനിയും സിമ്മനാരിവകക്കു സംഭാവന ചെയ്വാൻ സമ്മതിക്കുന്നവരുടെ വിവരം ലിസ്റ്റ് അതതു സമയം അയച്ചു തന്നുകൊള്ളാം. യോഗമുമ്പാകെ നിൎവ്വാഹകസംഘക്കാർ വായിച്ച റിപ്പോൎട്ടും തിരട്ടും വിസ്താരഭയത്താൽ ഇപ്പോൾ അയക്കുന്നില്ലാ. അടുത്ത പത്രികയിൽ പ്രസിദ്ധപ്പെടുത്തുന്നതിലെക്കു വിധത്തിൽ അയച്ചുതന്നുകൊള്ളാം.

ആലുവാ തൃക്കുന്നത്തു സിമ്മനാരി വകക്കു സംഭാവന ചെയ്വാൻ സമ്മതിച്ച ആളുകളുടെയും തുകയുടെയും ലിസ്റ്റ്

				രൂ	ണം
ബ്രഹ്മശ്രീ.	തെക്കിലക്കാട്ടു കോരതു	കത്തനാർ	അവൎകൾ	൨൫	൮
,,	കുഞ്ഞുവീട്ടിക്കുടി മത്തായി	,,	,,	൫	൧
,,	മാറാച്ചേരത്ത് ഇത്താപ്പിരി	,,	,,	൫	൨
,,	നെടുംപുറത്തു ദാനിയേൽ	,,	,,	൫	൦
,,	ചക്കരഅപ്പത്തൂട്ടു ഗീവറുഗീസ	,,	,,	൨൦	൦
,,	മുറിയിക്കിൽ മാത്തു	,,	,,	൨.൫	൦
,,	പാറക്കൽ കോരതു	,,	,,	൭	൦
,,	അറക്കപറമ്പിൽ പൌലോസ	,,	,,	൫	൦
,,	ചരിതുക്കൽ മാണി	,,	,,	൭	൧
,,	പടയാട്ടിൽ ഇത്താപ്പിരി	,,	,,	൫	൦
,,	ചെറങ്ങോട്ടു കുടിമാത്തു	,,	,,	൩	൮
,,	കോച്ചാട്ടു ദാവീദ	,,	,,	൪	൦
,,	ചെമ്പകശ്ശേരിൽ ഗീവറുഗീസ	,,	,,	൩	൦
,,	മരോട്ടുംപടിക്കൽ ഗീവറുഗീസ	,,	,,	൭	൦
രാ. രാ.	ഒല്ലുംമൂട്ടിൽ എബ്രഹാം		അവൎകൾ	൨൦൦	൦
,,	മഴുവഞ്ചേരിപ്പറമ്പത്തു കുഞ്ഞച്ചൻ മജിസ്ട്രേട്ട്		,,	൬൦	൦
,,	,, അവരാ ചാക്കോ മജിസ്ട്രേട്ട്		,,	൬൦	൦
,,	മുത്തേടത്തിൽ വറുഗീസ പൌലോ വക്കീൽ		,,	൬൦	൦
,,	പി. ഐ. ജയക്കോബ സബ്രജിസ്ട്രാർ		,,	൨൫	൦
,,	പി. വി. ഫിലിപ്പ് വക്കീൽ		,,	൩൭	൦
,,	ഇ. പി. എബ്രഹാം വക്കീൽ		,,	൨൫	൦
,,	കരകം തുണ്ടത്തിൽ അബ്രഹാം		,,	൨൦	൦
,,	പി. കെ. കോരക്കപ്പ അപ്പോത്തിക്കരി		,,	൫	൦
,,	നെടിയത്തു വക്കീൽ പത്രോസ		,,	൩൫	൦
,,	പള്ളിക്കര ചിറേറത്തു ഇത്താപ്പിരി		,,	൨൦൦	൦
,,	പുതുക്കുടിയിൽ മാത്തു [illegible]		,,	൭	൦

രാ. രാ. അമ്പാട്ട തരിയത മാത്തു	രൂപ്പിക.	൧൫	൦
,, കളഞ്ഞാറെ മാത്തു ചെറിയാൻ	,,	൧൦൦	൦
,, കൊച്ചുചാക്കൻ ഉലഹന്നാൻ മാത്തുള	,,	൧൦	൦
,, കളത്തര പൌലൊസ മാത്തു	,,	൩	൳
,, പെനാട്ടത്തു ചാക്കൊ ചാണ്ടിവകീൽ	,,	൫	൦
,, മരങ്ങാട്ട അയിപ്പു പൈലി	,,	൨	൦
,, വലിയപറമ്പിൽ പെനാട്ടത്തു തൊമ്മ കരിയത	,,	൭	൦
,, ടി. തൊമ്മാ തൊമ്മാ	,,	൭	൦
,, ടി. ചെറുപ്പമാത്തു	,,	൭	൦
,, ടി. കൊരുള	,,	൧൫	൦
,, പെനാട്ടത്തു അവരാ കരിയത	,,	൫	൦
,, ടി കരിയത ചെറുപ്പ	,,	൨	൦
,, ടി. ചെറിയാ വെറിയത	,,	൨	൦
,, അരീകൽ പൌലൊ മത്തായി	,,	൭	൦
,, ക്രൂരൻ ചാക്കൊ ചാണ്ടി	,,	൬	൦
,, ടി. വറിയത മാത്തു	,,	൫	൦
,, സ്കറിയാ ഉപദേശി വി. എ. തൊമ്മാ	,,	൨൫	൦
,, പൊയ്ക്കാട്ടിൽ മാത്തു മാത്തു	,,	൨	൦
,, നെട്ടന്തളിൽ മാത്തു ചാക്കൊ	,,	൩	൦
,, ടി. വർക്കി ചെറിയാൻ	,,	൩	൦
,, അരീകൽ പൌലൊ മാത്തു	,,	൨	൦
,, വെമ്പിള്ളി മത്തായി പൈലി	,,	൩	൳
,, നെട്ടന്തളി മാത്തു അവരാ	,,	൩	൦
,, ടി. മാത്തുതരിയത	,,	൨	൦
,, ടി. വർക്കി ചാക്കൊ	,,	൨	൦
,, അയ്മനപ്പള്ളിൽ പൌലൊ പൌലൊ	,,	൧	൦
,, നെട്ടന്തളിൽ കുര്യൻ ചാക്കൊ	,,	൧	൦
,, അരീകൽ തരിയത മാത്തു	,,	൨	൦
,, കളങ്ങാട്ടിൽ വർക്കി മാണി	,,	൩	൳
,, എ. ജി. ഉമ്മൻ വാദ്ധ്യാർ	,,	൨	൦
കോട്ടയം വലിയപള്ളിയിൽനിന്നും വരവു		൧൦൦	൦
ചെങ്ങന്നൂർ പള്ളിയിൽനിന്നും	,,	൨൫	൦
മുളന്തുരുത്തി പള്ളിയിൽനിന്നും	,,	൨൫	൦
മാവേലിക്കര പള്ളിയിൽനിന്നും	,,	൨൦	൦
മഞ്ഞനിക്കര പള്ളിയിൽനിന്നും	,,	൧൨	൳
പാമ്പാക്കുടശ്ശേരി പള്ളിയിൽനിന്നും തന്നവൻ സമ്മതിച്ച ഒരു കൊല്ലത്തെ വരുമാനം		൭൦	൦

കല്പന.

മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ മെത്രാപ്പോലീത്തായിൽനിന്നും.

(മുദ്ര)

നമ്മുടെ രക്ഷിതാവായ യേശുമശിഹായാൽ വിളിക്കപ്പെട്ടതും തന്റെ അപ്പോസ്തോലനായ മാർത്തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതുമായ മലങ്കര ഇടവകയിൽ ഉൾപ്പെട്ട എല്ലാപള്ളികളിലെയും പട്ടക്കാരും, ശെമ്മാശന്മാരും പ്രമാണികളും ശേഷം എല്ലാവരും കൂടികണ്ടെന്നാൽ, ദൈവത്തിൽനിന്ന കൃപയും, സമാധാനവും നിങ്ങൾക്കു വർദ്ധിച്ചിരിക്കുമാറാകട്ടെ.

പ്രിയമുള്ളവരെ ദൈവീകത്തിലും ലൌകീകത്തിലും പ്രകാശവും, ജീവനും, ആയിട്ടുള്ളതു ജ്ഞാനമാകുന്നു അതിനോടു ശരിയായി വേറൊന്നുമില്ല. ജ്ഞാനം പവിഴരാഗങ്ങളെക്കാൾ വിലയേറീട്ടുള്ളതാകുന്നു എന്നു മഹാജ്ഞാനിയും പറഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷിതാവായ മ്ശിഹാതമ്പുരാൻ ഒന്നാമതായി നടത്തിയതും തന്റെ ശിഷ്യന്മാരെ പ്രത്യേകം ഭരമേല്പിച്ചതും പഠിത്വമാകുന്നു. നമ്മുടെ മഹാരാജാവും രാജ്യക്ഷേമത്തിനായി തന്റെ രാജ്യമൊക്കയിലും പ്രധാനമായി നടത്തിവരുന്നതും പഠിത്വമത്രെ. അതിനെ തന്നെ അന്യസഭക്കാരായ പ്രൊട്ടസ്റ്റാന്റുകാരും, റോമാക്കാരും അവരുടെ സ്ഥലങ്ങളിലും പഠിത്വം വർദ്ധിപ്പിക്കേണ്ടതിനായി സിമ്മനാരികളായിട്ടും, കോൺവെന്റുകളായിട്ടും മറ്റു പള്ളിക്കൂടങ്ങളായിട്ടും നിറച്ചുവരുന്നു. വടക്കെ ഇടവകകളിൽ പഠിത്വമാകുന്ന ഉറവയും ഒഴുക്കും കുറഞ്ഞിരിക്കുന്ന സ്ഥിതിക്കു നമ്മുടെ സഭയുടെ എതിരാളികളായി പുറമെ ആട്ടിന്റെയും അകമെ ചെന്നായുടെയും വേഷം ധരിച്ചുംകൊണ്ടു വരുന്നവരോടു പോരാടുവാനും പഠിത്വമില്ലാതിരുന്നാൽ കഴിയില്ലല്ലൊ. സഭയുടെ ആദ്യകാലത്തു ശാസ്ത്രപരിചയമുള്ളവനും സമർത്ഥനുമായിരുന്ന വിശുദ്ധ അപ്പോസ്തോലനായ പൌലോസിനെ കർത്താവു വിളിക്കയും അവനെ തെരിഞ്ഞെടുക്കപ്പെട്ട പാത്രമാക്കിവെക്കയും ചെയ്തുപ്രകാരം ഈ കാലത്തും പഠിത്വവും ദൈവഭയവും ഉള്ള പട്ടക്കാരും അത്മേനികളും വടക്കും തെക്കുമുള്ള ഇടവകകളിൽ ഉണ്ടാകേണ്ടതു അത്യാവശ്യമെന്നു നമ്മോടുകൂടെ നിങ്ങളും ഏറ്റുപറയുമെന്നു വിശ്വസിക്കുന്നു. നമ്മുടെ സഭയെ ഒന്നടങ്കം വിഴുങ്ങുവാൻ വന്ന ചെന്നായ്ക്കളോടുള്ള പോരാട്ടങ്ങളുടെ ഇടയിൽ ഈ അടുത്ത കാലത്തു കോട്ടയത്തു പുത്തൻസിമ്മനാരിയും നമ്മുടെയും കഴിഞ്ഞുപോയ സഹോദരന്റെ ബഹുമാനപ്പെട്ട മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെ ഉത്സാഹത്തിൽ തിരുവല്ലാ ഹൈസ്കൂളും സ്ഥാപിച്ചു പഠിത്വം നടത്തിവരികയും, പരുമല ഒരു പൊതുസ്ഥലം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ നമുക്കു വടക്കെ ഇടവകകളിൽ സഞ്ചരിച്ചു പഠിത്വം നടത്തുന്നതിലേക്കു കഴിഞ്ഞില്ല. ആലുവായിൽ ഒരു പൊതുസ്ഥലം ഉണ്ടാകണമെന്നു ഒരുപതു സംവത്സരകാലം മുമ്പെ തന്നെ നമുക്കും മറ്റു ചിലർക്കും അഗ്രഹമുണ്ടായിരുന്നു. വിശ്വാസത്യാജ്യം വടക്കെ ഇടവകകളിൽ ഇല്ലാതിരുന്നതിനാലും, നമ്മുടെ പോരാട്ടം, തെക്കെ ഇടവകകളിൽ ആയിരുന്നതിനാലും നമ്മുടെ ആദ്യ ആലോചനയെ നിറവേറ്റുന്നതിനു ഇട വന്നില്ല. എങ്കിലും ആ കുറവിനെ നികത്തുവാൻ എന്നപോലെ കഴിഞ്ഞുപോയ സഹോദരൻ ബ. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെ ഉത്സാഹത്താൽ ടി. ഉദ്ദേശത്തോടുകൂടി ആലുവായിൽ ഒരു പള്ളി വയ്ക്കയും, അതി

ന്റെ പൂൎത്തിക്കു മുമ്പു അദ്ദേഹം കാലം ചെയ്തുപോകയും പിന്നീടു അതിനെ പിന്തുടൎന്ന സഹോദരൻ ബ. മാർ അത്താനാസ്യോസുമെത്രാപ്പോലീത്താ അവൎകളും പള്ളിയുടെ കുറ തീരാനുണ്ടായിരുന്ന ഏതാനും പണികൾ തീൎപ്പിക്കയും, കഴിഞ്ഞ മീനമാസത്തിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി അതിൽ ആലുവായിൽ ഒരു സിമ്മനാരി സ്ഥാപിച്ചു പഠിത്വം നടത്തേണമെന്നും, അതിന്റെ ചിലവിലേക്കു അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട പള്ളികളിൽനിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കേണമെന്നും, നിശ്ചയം ചെയ്തു പ്രകാരം ചില പള്ളിക്കാർ കൊടുത്തിട്ടുള്ള സംഖ്യകൊണ്ടു സിമ്മനാരിപണി ആരംഭിക്കയും ചെയ്തിരിക്കുന്നു.

പ്രിയരെ, മാർ അത്താനാസ്യോസുമെത്രാപ്പോലീത്താ. അവൎകൾ ഈ സിമ്മനാരിയുടെ പണി പൂൎത്തിയായി, അതിൽ പഠിത്വം നടന്നുകണ്ടു സന്തോഷിപ്പാൻ അവിടെത്തന്നെ തന്റെ വൃദ്ധതയുടെ സമയത്തെ ചിലവഴിച്ചു നോക്കിപ്പാൎത്തുകൊണ്ടിരിക്കുന്നു എന്നുമാത്രവുമല്ല തന്റെ വകകൾ അതിലേക്കു വിട്ടുകൊടുക്കയും ചെയ്തിരിക്കുന്നു.

പ്രിയമുള്ളവരെ, വെള്ളത്തിന്റെ ഗുണംകൊണ്ടും കച്ചവട വൎദ്ധനകൊണ്ടും ആലുവാ മുമ്പെതന്നെ കേൾവിപ്പെട്ടതും ഇപ്പോൾ തീവണ്ടി മുതലായ നവീന ഏൎപ്പാടുകളാലും ആലുവായ്ക്കു ഒരു പുതിയ ജീവൻ വീണിട്ടുണ്ടെന്നും, തെക്കും വടക്കുമുള്ള നമ്മുടെ മക്കൾക്കു ഒരാശ്വാസസ്ഥലമായിരിക്കുമെന്നും വടക്കെ ഇടവകയുടെ ഒരു സെഹിയോൻ ആയിരിക്കാൻ തക്ക യോഗ്യതയുള്ള സ്ഥലമെന്നും നാം കഴിഞ്ഞ മാസത്തിൽ അവിടെ എത്തി കണ്ടതിൽ എത്രയും വേഗത്തിൽ അതിനെ നിവൃത്തിക്കേണ്ടതാണെന്നും തോന്നുകയാൽ പൊതുവിൽ ഇപ്രകാരമുള്ള ഒരു കല്പന എഴുതുന്നതിനു ഇടവന്നതാണ.

അതിനാൽ അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട എല്ലാപള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം കഴിയുംവേഗത്തിൽ കൊടുത്തുതീൎക്കയും, ടി- ഇടവകയൊഴിച്ചു തെക്കും വടക്കുമുള്ള എല്ലാപള്ളിക്കാരും ജനങ്ങളും അവരവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കയും ചെയ്യേണമെന്നു നമ്മുടെ വൃദ്ധതയും ഓൎപ്പിച്ചുകൊള്ളുന്നു,

സൎവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെമേലും വൎദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു ൧൦൮൪ മീനം ൫-ാം നു-

അകപ്പറമ്പു പള്ളിയിൽനിന്നും.

(ഒപ്പു)



"സൺഡേസ്കൂൾ വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും"

കഴിഞ്ഞ ലക്കം പത്രികകളിൽ ഞാൻ 'സൺഡേസ്കൂളിന്റെ ആവശ്യകതയെക്കുറിച്ചു കുറഞ്ഞൊന്നു പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവല്ലൊ. ആയതിനാൽ ഇനിയും സൺഡേസ്കൂൾ വിദ്യാൎത്ഥികൾ അദ്ധ്യാപകന്മാരോടും, അദ്ധ്യാപകന്മാർ വിദ്യാൎത്ഥികളോടും അന്യോന്യം അനുവൎത്തിക്കേണ്ട ഏതാനും മുറകളെ കൂടി ഗ്രഹിക്കേണ്ടതും ഏററവും ആവശ്യമായ ഒരു കാൎയ്യമാകുന്നു. അതുകൊണ്ടു ഒന്നാമതായി വിദ്യാൎത്ഥികളുടെ മുറകൾ തന്നെയൊന്നു ആലോചിക്കാം. ലൌകികപ്രകാരം തന്നെ നോക്കിയാലും ഏതുതരം വിദ്യാൎത്ഥികളും തങ്ങളുടെ ഗുരുഭൂതന്മാരെ അനുസരിക്കേണ്ടതു അവരുടെ കടമയാണല്ലൊ. അങ്ങിനെയാണെങ്കിൽ 'തേനിനേക്കാളും തേൻകട്ടയെക്കാളും മാധുൎയ്യമേറിയതും, പൊന്നിനേക്കാളും രത്നത്തേക്കാളും വിലയേറിയതുമായ ദൈവവചനത്തെ പഠിപ്പിക്കുന്നവരായ ആളുകളെ പഠിതാവു എത്ര മേൽ അധികം അനുസരിക്കേണ്ടിയിരിക്കുന്നു. എന്നു തന്നെയുമല്ലാ ദൈവവചനത്തെ പഠിക്കണമെന്നു ആഗ്രഹിക്കുന്ന ഏവനൊരുത്തന്റെയും തുടക്കം ആദ്യമായി അനുസരണത്തിൽതന്നെ ആയിരിക്കേണ്ടതാകുന്നു. എന്തെന്നാൽ അനുസരണം ബലിയെക്കാൾ നല്ലതാകുന്നുയെന്നു വേദം സാക്ഷിക്കുന്നു. ഒരു ബലിയാൽ എത്രമാത്രം ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നുവൊ ആയതിലധികം ദൈവകല്പനകൾക്കു തന്നെ തന്നെ കീഴ്പ്പെടുത്തികൊടുക്കുന്നതിനാൽ ആയതു അനുസ്സരണത്താൽ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതാകുന്നു. ദൃഷ്ടാന്തമായി വിശ്വാസികളുടെ പിതാവായ അബ്രഹാമിനെത്തന്നെ നോക്കാം. തന്റെ വാൎദ്ധക്യകാലത്തുണ്ടായവനും, അതിവാത്സല്യവാനുമായ തന്റെ ഏകജാതനെ വെട്ടി ബലി കഴിക്കണമെന്നു ദൈവം എപ്പോൾ തന്നോടാജ്ഞാപിച്ചുവൊ അപ്പോൾ സഹജമായതും സ്വഭാവപ്രകാരമുള്ളതുമായ വ്യസനം ഉണ്ടായിരുന്നില്ല. ദൈവം സ്വശക്തനാകുന്നു തനിക്കു സകലവും കഴിയുമെന്നുള്ള ദൃഢമായ വിശ്വാസത്താൽ താൻ അതിനെ അനുസരിച്ചു. അതിനാലല്ലയൊ തനിക്കു 'വിശ്വാസികളുടെ പിതാവെന്നുള്ള സാക്ഷിപത്രം ലഭിച്ചതു. എന്നാൽ വായനക്കാരാ! ഇതു അബ്രഹാമിന്റെ അനുസരണം കൊണ്ടുമാത്രമെന്നൊ നീ നിരൂപിക്കുന്നതു? അല്ലാ തന്റെ വാത്സല്യവാനായ ഇസഹാക്കിന്റെയും അനുസരണംകൊണ്ടുതന്നെ. ആകയാൽ തന്നെ കൊല ചെയ്യുന്നതിനായിരുന്നിട്ടും തന്റെ പിതാവിന്റെ ആജ്ഞകളെ അനുസരിച്ചു പ്രവൃത്തിച്ച ആ ഇസഹാക്കിന്റെ അനുസ്സരണം എത്ര മേൽ വിലമതിക്കത്തക്കതാകുന്നു. ഇപ്രകാരമുള്ള അനുസരണമാണ് സൺഡേ സ്കൂൾ വിദ്യാൎത്ഥികൾക്കും

ആവശ്യപ്പെട്ടിരിക്കുന്നതു. വിദ്യാൎത്ഥികളുടെ ഇനിയത്തെ കടമ, തങ്ങളുടെ അദ്ധ്യാപകന്മാരോടു പ്രത്യേകസ്നേഹം, ഭക്തി, ബഹുമാനം മുതലായ ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളതത്രെ. എന്നാൽ ഇതുകൾ കേവലം ലോകസംപ്രദായപ്രകാരമുള്ള ഒന്നായിമാത്രം ഉണ്ടായിരുന്നാൽ പോരാ. പിന്നെയൊ വേദം കല്പിക്കും പ്രകാരം പൂൎണ്ണഹൃദയത്തിൽ നിന്നുള്ള സ്നേഹവും; രാജാക്കന്മാരുടെ രാജാവായ ദൈവത്തിന്റെ തിരുവചനങ്ങളെ പഠിപ്പിക്കുന്ന ആളുകളാകുന്നു സൺഡേസ്ക്രൂൾ അദ്ധ്യാപകന്മാർ എന്നുള്ള വിചാരത്തിൽനിന്നുണ്ടാകുന്ന ഭക്തിയും തൽസംബന്ധമായ ബഹുമാനവുമത്രെ ഏറ്റവും നല്ലതു. അല്ലാതെ ലൌകികമൎയ്യാദപ്രകാരമുള്ള ഒരു സ്നേഹം, ഒരു ഭക്തി, ഇതുകൾ ദൈവത്തിനു പ്രസാദമുള്ള ഒന്നല്ലാ. എന്തെന്നാൽ ലോകത്തിന്റെ സകലഗുണങ്ങളും അതിലെ ദിവ്യമെന്നു വിചാരിക്കുന്ന ജ്ഞാനങ്ങളും നശിച്ചുപോകുന്നവയാകുന്നു. എന്നതന്നെയൊ ലോകജ്ഞാനം ദൈവത്തോടു ശത്രുതയുമാകുന്നു. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവായ ദൈവത്തിന്റെ സ്നേഹം അവനിലില്ലായെന്നുള്ളതും പ്രത്യേകം ഓൎക്കേണ്ടതാണു. ഇതുപോലെതന്നെ ഒരു വിദ്യാൎത്ഥിക്കു തന്റെ അദ്ധ്യാപകന്റെ നേരെ വേണ്ടതായ ഭക്തിയും ദൈവയിഷ്ടമനുസ്സരിച്ചുള്ള ഒന്നായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ ഒരു സൺഡേസ്ക്രൂൾ വിദ്യാൎത്ഥിക്കു തന്റെ അദ്ധ്യാപകന്റെ നേരെ, ദൈവഇഷ്ടത്തിനു വിപരീതമായുള്ളതൊ ദൈവത്തെക്കാൾ അധികമായുള്ളതൊ ആയ സ്നേഹം, ഭക്തി, ബഹുമാനം ഇതുകൾ ഉണ്ടായിരിപ്പാൻ പാടില്ലെന്നുള്ളതാകുന്നു. എന്നാൽ പിന്നെയൊ ശ്ലീഹാ പറയും പ്രകാരം സകലവും ദൈവമഹത്വത്തിനായിത്തന്നെ ചെയ്വിൻ. ഇങ്ങിനെയുള്ള സകല നൽവരങ്ങളും ഒന്നടക്കം ഒരു സൺഡേസ്ക്രൂൾ വിദ്യാൎത്ഥിയിൽ വിളങ്ങികാണണമെങ്കിൽമാത്രമെ സൺഡേസ്ക്രൂൾ പഠിപ്പുകൊണ്ടു പ്രയോജനവും അനുഗ്രഹവുമുണ്ടാകയൊള്ളു. ആയതുകൊണ്ടു, വിദ്യാൎത്ഥികളെ! നിങ്ങൾ ഈ വിലയേറിയ സമ്പത്താകുന്ന സൽഗുണങ്ങളുടെ വിളനിലമായിരിപ്പാൻ നിങ്ങളെത്തന്നെ ദൈവത്തിനു സമൎപ്പിപ്പിൻ. അതെ ബാല്യത്തിലെതന്നെ തന്റെ സൃഷ്ടാവിനെ അറിഞ്ഞു അവനായി ജീവിക്ക. നമ്മുടെ പിതാക്കന്മാരായ യൌസേഫു, ഇസഹാക്കു ഇവരെപ്പോലെ ബാല്ല്യത്തിലെ യഹോവായെ ഭയപ്പെട്ടുകൊൾക.

അതിനാൽ യഹോവായെക്കുറിച്ചുള്ള ഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നുയെന്നുള്ള വേദോക്തി ഇവരിൽ നിശ്ചയാസം സഫലമായില്ലയൊ? ദൈവഭയത്തിനു കീൎത്തിപ്പെട്ട ആ യോസേപ്പിനെ തന്നെ നിങ്ങളുടെ മാതൃകയാക്കിവച്ചുകൊള്ളുക. യോസേഫു, ദൈവഭയത്താലല്ലയൊ മിസ്രേമിലെ രാജാവായതു. അതിനാൽ സകലത്തിലും മുന്നമായി ദൈവഭയത്തെ തേടിക്കൊൾക. ഇപ്രകാരം

സൺഡെസ്‌ക്കൂൾ വിദ്യാൎത്ഥികൾ എന്നുള്ളതിൻെറ മാഹാത്മ്യം നിങ്ങളുടെ ജീവിതത്തിൽ വരുത്തികാണിക്കാം. ഇങ്ങിനെ നിങ്ങൾ ജീവിക്കുന്നുവെങ്കിൽ "നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു" എന്നു നമ്മുടെ രക്ഷകൻ അരുളിച്ചെയ്തതിനെ നിവൃത്തിപ്പാൻ കഴിയുന്നതുമല്ലയൊ?. ഇപ്പോൾ വിദ്യാൎത്ഥികളുടെ കൎത്തവ്യകൎമ്മങ്ങളെപ്പററി ഏറെക്കുറെ നാം നിരൂപണം ചെയ്തുവല്ലൊ.

(൨) ഇനിയും അദ്ധ്യാപകന്മാരുടെ ചുമതലകളെക്കൂടി കുറഞ്ഞൊന്നു അറിയേണ്ടിയിരിക്കുന്നു. സൺഡെസ്‌ക്കൂൾ വാദ്ധ്യാന്മാർ ബാല്യത്തിലെതന്നെ അനേകം ആത്മാക്കളെ ദൈവീക പാദയിൽ കൂടി നടത്തുന്നവരാകയാൽ അവരുടെ ജോലിയും ഏററവും മഹത്തരമായ ഒന്നെന്നുപറയുന്നതിനു യാതൊരു സംശയവുമില്ല. എന്നാൽ തങ്ങളുടെ ജോലിയുടെ ഗുരുലഘുത്വത്തെ അറിയാതെകണ്ടു പെരുമാറുന്ന വാദ്ധ്യാന്മാരുടെ അവസ്ഥ ഏററവും ശോചനീയമാകുന്നു. അങ്ങിനെയുള്ള വാദ്ധ്യാന്മാർ തങ്ങൾക്കു മാത്രമല്ലാ തങ്ങളുടെ വിദ്യാൎത്ഥികൾക്കു കൂടിയും ദോഷത്തെ വരുത്തിവെക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ഒരു ഉറവയിൽ നിന്നു നല്ല വെള്ളവും ഉപ്പുവെള്ളവും ഒരെ സമയത്തു വന്നുകൊണ്ടിരിപ്പാൻ കഴിയുന്നതല്ലല്ലൊ. ഇതെപ്രകാരം തന്നെ ഒരു വാദ്ധ്യാർ തൻെറ സ്ഥാനത്തിന്നനുരൂപമല്ലാത്ത വിധത്തിൽ പ്രവൃത്തിക്കുന്ന ആളായാൽ, തൻെറ വിദ്യാൎത്ഥികൾ ഗുണവാന്മാരായിരിക്കുമെന്നു ഊഹിപ്പാൻ തരമില്ലല്ലൊ. ആകയാൽകൊണ്ടു അദ്ധ്യാപകന്മാരെ! നിങ്ങൾ ഭരമേററിരിക്കുന്ന ജോലിയുടെ ഗൌരവം തന്നെ ആദ്യമായി നല്ലവണ്ണം മനസ്സിലാക്കുക. പിന്നീടു അതനുസ്സരിച്ചു മാത്രമെ തങ്ങളുടെ പെരുമാററങ്ങൾ ക്രമപ്പെടുത്തുകയുള്ളുയെന്നു നിശ്ചയിക്കാം. എന്നാൽ ഇതുകൾക്കൊക്കെയും മൂലാധാരമായ ദൈവനൽവരത്തെ പ്രാപിക്കുന്നതായ കാൎയ്യത്തെ ഒരിക്കലും മറന്നുകളയരുതെ. എന്തെന്നാൽ നിൻെറ വചനത്തിൽ നിന്നു അത്ഭുതമുള്ള കാൎയ്യങ്ങളെ കണ്ടറിവാൻ എൻെറ ആത്മകണ്ണുകളെ തുറക്കണമെ എന്നുള്ള പ്രാൎത്ഥന വിദ്യാൎത്ഥികൾക്കു മാത്രമല്ലാ അദ്ധ്യാപകന്മാൎക്കും ആവശ്യം വേണ്ടതാകുന്നു. ഇപ്രകാരം രണ്ടുകൂട്ടക്കാരും പ്രാൎത്ഥിക്കുന്നതായാൽ മാത്രമെ, വിദ്യാൎത്ഥികൾ പഠിക്കുന്നതായ കാൎയ്യങ്ങൾ അവരുടെ ഹൃദയത്തിൽ പതിയുകയും പരിശുദ്ധാത്മാവു അദ്ധ്യാപകന്നു വേണ്ടതായ ജ്ഞാനങ്ങളെ വെളിപ്പെടുത്തികൊടുക്കയും ചെയ്കയൊള്ളു. ഏതുകൊണ്ടു നോക്കിയാലും വാദ്ധ്യാന്മാൎക്കു പ്രാൎത്ഥന ഏററവും ആവശ്യവും ഒഴിച്ചുകൂടാത്തതുമാകുന്നു. പിന്നീടു, വാദ്ധ്യാന്മാർ തങ്ങളുടെ കുട്ടികൾക്കു നല്ല ദൃഷ്ടാന്തക്കാരായിരിക്കണം. ഇതാണ എല്ലാററിലും വെച്ചു പ്രധാനമായിട്ടുള്ളതു. ഒരു വിദ്യാൎത്ഥിക്കു തൻെറ വാദ്ധ്യാരെപ്പററി ഒരു നല്ല അഭിപ്രായമില്ലെങ്കിൽ, അയാൾ പറഞ്ഞുകൊടുക്കുന്ന സദുപദേശങ്ങൾ ആ കുട്ടിയും എത്രമേൽ

സ്വീകാൎയ്യമായിരിക്കും? ആയ്തുകൊണ്ടു വിദ്യാൎത്ഥികളുടെ കണ്ണുകൾക്കു മുൻപാകെ ഒരു അദ്ധ്യാപകൻ പ്രത്യേകം ദൃഷ്ടാന്തകാരനും ദൈവവിശ്വാസിയും ഭക്തനുമായി കാണപ്പെടേണ്ടതും ഒരു ചില്ലറ കാൎയ്യമെന്നു വിചാരിച്ചുകൂടാ. ഒരു അദ്ധ്യാപകന്റെ ഇനിയത്തെ ചുമതല, തങ്ങളുടെ വിദ്യാൎത്ഥികളുടെ ആത്മീകാഭിവൃദ്ധിക്കു വേണ്ടി സ്ദാ വാഞ്ഛയുള്ളവനായിരുന്നു വിദ്യാൎത്ഥികളുടെ സ്ഥിതിഭേദം അല്ലെങ്കിൽ ജീവിതക്രമം അനുസരിച്ചുള്ള സൌഖ്യോപദേശങ്ങളെ പറഞ്ഞുകൊടുത്തു അവരെ ദൈവീക ജ്ഞാനത്തിൽ വളൎത്തുകയെന്നുള്ളതാകുന്നു. അനന്തരം വിദ്യാൎത്ഥികൾക്കു കണ്ടുപഠിത്തത്തിന്നായിട്ടു വേദത്തിൽനിന്നും മാതൃകാപുരുഷന്മാരെ (അല്ലെങ്കിൽ സ്ത്രീകളെ) ചൂണ്ടികാണിച്ചു അവരെ മനസ്സിലാക്കണം. ഇങ്ങിനെ ഏതുഭാഗം വിദ്യാൎത്ഥികൾക്കു സുഗമമല്ലാതിരിക്കുന്നുവൊ അതുവരെ കഴിയുന്നടത്തോളം ദൃഷ്ടാന്തസഹിതം വ്യക്തമാക്കി കാണിക്കാം. എന്തെന്നാൽ ദൃഷ്ടാന്തം ഏതിനും വളരെ ഫലസിദ്ധിയുള്ളതാണെല്ലൊ. കൂടാതെ വേദത്തിൽനിന്നും ആരെയെങ്കിലും ദൃഷ്ടാന്തപ്പെടുത്തി കാണിച്ചുപഠിപ്പിക്കുന്നതിനാൽ വിദ്യാൎത്ഥികളുടെ മനസ്സിൽ അവരെപ്പോലെ നമുക്കും ജീവിക്കണമെന്നൊരാഗ്രഹം ജനിപ്പാൻ ധാരാളം എളുപ്പമുള്ളതാകുന്നു. വേദവിഷയങ്ങൾ പഠിപ്പിക്കുന്നതായ സമയത്തിങ്കലും വിദ്യാൎത്ഥികളുടെ നടപടികൾ ശരിയായി ഭക്തികുടത്തതായിരിക്കുന്നൊയെന്നു നോക്കേണ്ടതും ഒരു അദ്ധ്യാപകന്റെ ചുമതലയിൽപെട്ട ഒരു സംഗതിയാകുന്നു. ഈ കാൎയ്യത്തെ അത്ര സാരമാക്കാതെ വിദ്യാൎത്ഥികൾക്കു ജ്ഞാനസമ്പാദനത്തെ നൽകുന്നവരായ ഏതാനും അദ്ധ്യാപകന്മാരെ എന്റെ ദൃഷ്ടിയിൽ കണ്ടിട്ടുണ്ടു. ഒന്നുകിൽ ഈ വിഷയത്തെപ്പറ്റി അവർ ശ്രദ്ധ വെയ്ക്കാഞ്ഞിട്ടൊ അല്ലെങ്കിൽ ഇതു നിസ്സാരമായ ഒന്നാണെന്നു വിചാരിച്ചിട്ടൊ ആയിരിക്കാം ഈ കാൎയ്യത്തിൽ അവർ താല്പൎയ്യപ്പെടാത്തതു. ഏതുതന്നെ ആയിരുന്നാലും അത്യുന്നതനായ ദൈവത്തിന്റെ വചനത്തെ പഠിപ്പിക്കുന്നതായ ആ ഗദ്യവിൽ കുട്ടികൾ നല്ല അടക്കത്തോടും ഭക്തിഭയാദരം കൂടിയിരിക്കണം എന്നുള്ളതു സൎവ്വപ്രധാനമായ ഒന്നാകുന്നു. ഭക്തിയോടു കൂടാതെകണ്ടുള്ള പഠിത്വം കുട്ടികളിൽ പൂൎണ്ണഫലത്തെ ചെയ്യുമെന്നു എങ്ങിനെ ആശിക്കാം? ആയ്തുകൊണ്ടു പരം ഒരു കാൎയ്യത്തിലും പ്രത്യേകം അദ്ധ്യാപകന്മാരുടെ ദൃഷ്ടി പതിയേണ്ടിയിരിക്കുന്നു.

ഇപ്പറഞ്ഞും മേൽ വിവരിച്ചപ്രകാരം അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളും അനുവൎത്തിക്കുന്നതായാൽ സൺഡെസ്കൂൾ പഠിത്വം കൊണ്ടു അതിന്റെ പൂൎണ്ണഫലസിദ്ധികളെയും തന്നിമിത്തം അനുഗ്രഹങ്ങളെയും എങ്ങിനെ പ്രാപിക്കാതിരിപ്പാൻ കഴിയും?.

പി. ജി. ശമുവേൽ.

മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ ജീവചരിത്രം.

ഇതിനെ സംബന്ധിച്ച മിസ്റ്റർ ഖോഫ് എഴുതി അയച്ചിരുന്ന പ്രസംഗത്തിനു മറുപടിയായി ഞാൻ അയച്ചിരുന്ന ലേഖനം പത്രിക വായനക്കാരായ മഹാത്മാക്കൾ കണ്ടിരിക്കുമല്ലൊ.

൧. മിസ്റ്റർ ഖോഫ് ചൂണ്ടിക്കാണിച്ചിരിക്കുന്ന പിശകുകളിൽ ചിലതിനെ ഞാൻ പൂർണ്ണമായി സമ്മതിക്കയും മറ്റു ചിലതിനു മറുപടി പറയാതെ വിട്ടുകളകയും വേറെ ചിലതിനു മറുപടി എന്നുള്ള ഭാവത്തിൽ പ്രശംസാസൂചകങ്ങളും ആക്ഷേപകരങ്ങളും ആയുള്ള വചനങ്ങളെ കൊണ്ടു ഞാൻ എന്റെ ലേഖനത്തെ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നതായി മിസ്റ്റർ ഖോഫ് വാദിക്കുന്നു. സത്യത്തെ സമ്മതിക്കുകയും അസത്യത്തെ നിഷേധിക്കയും അനാവശ്യത്തിനു മറുപടി പറയാതിരിക്കയും ചെയ്യുന്നതു യുക്തിയുക്തമെന്നുള്ള ശാസ്ത്രസിദ്ധാന്തത്തെ അടിസ്ഥാനമാക്കി സമ്മതിക്കയും നിഷേധിക്കയും മറുപടി പറയാതിരിക്കയും ചെയ്തിട്ടുള്ളതാണു.

൨. "എന്റെ ലേഖനങ്ങളിൽ പുസ്തകപിശകുകളെ കുറിച്ചല്ലാതെ ആരെയും ആക്ഷേപിക്കുന്ന വചനങ്ങൾ ഉപയോഗിച്ചിട്ടുള്ളതായി മുളന്തുരുത്തിക്കാരനു കൂടിയും വാദമില്ല" എന്നു ജല്പിക്കുന്ന മിസ്റ്റർ ഖോഫ് ൧൦൬൭-മാണ്ടല്ല പത്തു പതിനഞ്ചു തലമുറയ്ക്കു മുമ്പു മുതൽ ഇതുപര്യന്തം മുളന്തുരുത്തി ഇടവകയിൽ പ്രാധാന്യത വഹിച്ചുപോരുന്ന ഒരു കുഡുംബത്തെ കൊണ്ടു അടുത്തകാലത്തെ ചെമ്പു വഴിപാടു വാങ്ങിച്ച ഇടവകഭ്രഷ്ടു എന്നുള്ള അവാസ്തവം മുൻ ലേഖനത്തിൽ എഴുതിയിരുന്നതു പുസ്തകപ്പിശകൊ സ്തുത്യർഹമൊ.

൩. മലങ്കര ഇടവകയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഏതെങ്കിലും പുസ്തകങ്ങളുടെ ഗുണദോഷവിവേചനം ചെയ്തു ഞങ്ങളുടെ അഭിപ്രായം ഉടനടി പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങളെ ആരെങ്കിലും ബദ്ധപ്പെടുത്തീട്ടുണ്ടൊ. മിസ്റ്റർ ഖോഫ് ആവശ്യപ്പെട്ടതനുസരിച്ചു സംശയം കൂടാതെ സത്യം വെളിപ്പെടുത്തി. അതു മര്യാദയായൊ എന്നും മറ്റും ഉള്ള ചോദ്യം കണ്ടു നാട്ടുപോലും നടപ്പില്ലാത്തതായ അദ്ദേഹത്തിന്റെ സ്വകാര്യമര്യാദ എന്നല്ലാതെ എന്തുപറയേണ്ടു.

൪. "വാദവിഷയമായ പുസ്തകത്തെ സംബന്ധിച്ചേടത്തോളം മുളന്തുരുത്തിക്കാരന്റെ ലേഖനത്തിനു മറുപടി പറയാതെ വിട്ടുകളയുന്നതു യുക്തമല്ലം" എന്നു എഴുതിയിരിക്കുന്നതിനെ മറന്നു അസംബന്ധപ്രലാപങ്ങളായും സത്യലംഘനമായും മുളന്തുരുത്തി പള്ളിക്കാരുടെ മേൽ ചില കുറ്റങ്ങൾ ചുമത്തുവാൻ വേണ്ടി ഖോഫ് നന്നാ പ്രയാസപ്പെടുന്നുണ്ടു "ഭിന്നരുചിർഹിലോകഃ" എന്നുണ്ടല്ലൊ.

"കുറ്റമില്ലാത്ത ജനം കുറ്റമുള്ളവരെയും
ചെറ്റും നിന്ദിക്കയില്ല തന്നുടെ ഗുണം കൊണ്ടു"

അതിനെ ഞങ്ങൾ വിസ്മരിക്കുന്നില്ല.

മിസ്റ്റർ ഷോഫും ഞങ്ങളും തമ്മിലുള്ള വാദം തിരുമേനി കണ്ടനാട്ടു അങ്ങാടിയിൽ കല്ലാക്കൽ കുടുംബത്തിൽ ജനിച്ചോ അതല്ല മുളന്തുരുത്തിൽ ചാത്തുരുത്തിൽ കുടുംബത്തിൽ ജനിച്ചോ എന്നാണ്.

൧- കണ്ടനാട്ടു കല്ലറക്കൽ കുടുംബത്തിൽനിന്നു ദത്തവകാശമായി തിരുമേനിയുടെ പിതാവു വിവാഹം ചെയ്കയും ഏതാനും സംവത്സരങ്ങൾ കല്ലറക്കൽ കുടുംബത്തിൽ ദമ്പതിമാർ ഒരുമിച്ചു താമസിക്കയും കുട്ടികളിൽ ചിലരുടെ ജ്ഞാനസ്നാനം മുതലായ കൂദാശകൾ കണ്ടനാട്ടു പള്ളിയിൽ വച്ചു നടത്തുകയും ചെയ്തിട്ടുള്ളതു വാസ്തവമെന്നിരുന്നാലും തിരുമനസ്സിലെ ജനനത്തിനു വളരെ മുമ്പു തന്നെ സ്വദേശമായ മുളന്തുരുത്തിലേക്കു തിരികെ പോന്നു എന്നും മറ്റും എന്റെ ലേഖനത്തിൽ സവിസ്താരം പ്രസ്താവിച്ചിരുന്നതിനെ പറ്റി മിസ്റ്റർ ഷോഫ് ഒന്നും പറയാതെ തിരുമേനിയുടെ പിതാവു കണ്ടനാട്ടു ഇടവകയിൽ നിന്നും ഒരു സ്ത്രീയെ വിവാഹം ചെയ്തു. ആ സ്ത്രീ തന്റെ പിതാവിന്റെ ഏക പുത്രി ആയിരുന്നു. അതിനാൽ ആ സ്ത്രീയുടെ ഭർത്താവും അവളുടെ ഗൃഹത്തിൽ താമസിച്ചു. പുത്രന്മാരും പുത്രിമാരും ജനിച്ചു മാമ്മോദീസാ മുതലായ (വിവാഹം, പട്ടം, ശവസംസ്കാരം) കൂദാശകൾ കണ്ടനാട്ടു പള്ളിയിൽ വച്ചു തന്നെ നടത്തി. ഇത്രയും പറഞ്ഞു കൊണ്ടു തിരുമേനി കണ്ടനാട്ടു ഇടവകയിൽ ജനിച്ചു എന്നും തിരുമേനിയുടെ പിതാവു ദത്തവകാശി എന്നും മനസ്സിലാകാത്തവർ ഉണ്ടോ" എന്നും മറ്റും ശാഠ്യം പിടിച്ചു നില്ക്കുന്നതല്ലാതെ വാദവിഷയം സംബന്ധിച്ചു ശരിയായ വിധത്തിൽ ഉത്തരം പറകയോ തെളിവു ഹാജരാക്കുകയോ ചെയ്യുന്നില്ല. മിസ്റ്റർ ഷോഫ് ഹാജരാക്കിയിരിക്കുന്ന തെളിവു പത്രിക ൧൨-ാം പുസ്തകം ൧-ാം ലക്കം ൧൨-ാം ഭാഗം ൩-ാം വകുപ്പു നോക്കുക. ഇതുകൊണ്ടു ദത്തു പുത്രന്മാർക്കു മാതാവിന്റെ ഇടവകയ്ക്കും സ്വത്തുക്കൾക്കും വിശേഷാൽ ഒരവകാശം ഉണ്ടാകുമെന്നല്ലാതെ വാദ ഭാഗത്തെ സംബന്ധിക്കുന്നതൊ വിവാദ സംഗതി തെളിയിക്കുന്നതൊ അല്ല.

ഇനി ആലോചിക്കേണ്ടതു ദത്തവകാശ വിവാഹകൾക്കു ഭാര്യയുടെ ഇടവക വിട്ടു ഭർത്താവിന്റെ ഇടവകയോടു ചേർന്നു നടപ്പാൻ പാടുണ്ടോ ഇല്ലയോ എന്നാണ്.

൩. കണ്ടനാട്ടു ഇടവക പ്രമാണികളിൽ ഇപ്പോൾ പ്രഥമഗണനീയനായ തുകലൻ പൈലൊ പൈലൊ അവർകൾ മായക്കര നാട്ടുകുറിഞ്ഞി പള്ളി ഇടവകയിൽ പാലാൽ പുത്തൻപുരയ്ക്കൽ പത്രൊസു കുഞ്ഞുവർക്കി അവർകളുടെ ഏക പുത്രിയെ ദത്തവകാശമായി വിവാഹം ചെയ്കയും ടി പൈലൊ അവർകൾ ഭാര്യാഗൃഹത്തുങ്കൽ പാ

കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും മാമ്മോദീസ, ശവസംസ്കാരം മുതലായ ക്രുദാശകൾ (പട്ടം ഉണ്ടായിട്ടില്ല) കുറിഞ്ഞി പള്ളിയിൽ വച്ചു തന്നെ നടത്തുകയും ചെയ്യിട്ടുണ്ടെങ്കിലും റെ സംവത്സരങ്ങൾക്കു മുമ്പു അദ്ദേഹം സ്വദേശമായ കണ്ടനാട്ടേക്കു തന്നെ മടങ്ങിപ്പോരികയും കുറിഞ്ഞി ഇടവക ഉപേക്ഷിച്ചു കണ്ടനാട്ടു ഇടവക ചേൎന്നു നടന്നു വരികയും ചെയ്യുന്നു (൨) തുകലൻ പൗലൊ അവരാ അവൎകളുടെ ദ്വിതീയ പുത്രൻ പൌലൊ അവൎകൾ പിറവം പള്ളി ഇടവകയിൽ കൂട്ടപ്ലാക്കിൽ പൈലി അവൎകളുടെ ഏകപുത്രിയെ ദത്തവകാശമായി വിവാഹം ചെയ്കയും ഭാൎയ്യാഗൃഹത്തിങ്കൽ പാൎത്തു പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു. എങ്കിലും അടുത്ത കാലത്തു സ്വദേശമായ കണ്ടനാട്ടേക്കു തന്നെ മടങ്ങിപ്പോരികയും പിറവം ഇടവക ഉപേക്ഷിച്ചു കണ്ടനാട്ടു ഇടവക ചേൎന്നു നടന്നു വരികയും ചെയ്യുന്നു. ഈ നടപ്പു സുറിയാനി ക്രിസ്ത്യാനി സമുദായ സമ്പ്രദായം അനുസരിച്ചല്ലെന്നോ മറ്റൊ മിസ്റ്റർ ഖോഫ് വാദിച്ചേക്കാം.

൭. എന്നാൽ ഇതിനെ പറ്റി ഞങ്ങൾ പറയുന്നതു ദത്തവകാശ വിവാഹകർ ഭാൎയ്യാഗൃഹത്തുങ്കലൊ ഭൎത്തൃഗൃഹത്തിലൊ സ്ഥിരമായി താമസിക്കയും അതല്ല കുറെകാലം ഭൎത്തൃഗൃഹത്തിങ്കൽ പാൎത്തു ഭാൎയ്യാഗൃഹത്തിങ്കലേക്കൊ ഭാൎയ്യാഗൃഹത്തിങ്കൽ പാൎത്തു ഭൎത്തൃഗൃഹത്തിലേക്കൊ മാറി പാൎക്കുകയും ചെയ്യുന്നതായാൽ സ്ഥിരതാമസം എവിടെയൊ അവിടെ ഇടവക ചേരുകയൊ രണ്ടു സ്ഥലത്തെ ഇടവകയും വിടാതിരിക്കയൊ ചെയ്യുന്നതു സൎവ്വസാധാരണമായ നടപ്പാണ. പാരമ്പൎയ്യമായ ഈ നടപ്പു മിസ്റ്റർ ഖോഫിന്റെ ഓൎമ്മയിൽ എത്തപ്പെടാഞ്ഞതിൽ നിൎവ്യാജം വ്യസനിക്കുന്നു.

൮. തിരുമേനി കൈക്കൊണ്ടിരിക്കുന്നതും കോട്ടു മുമ്പാകെ ഹാജരാക്കപ്പെട്ടതും സത്യബോധപ്പെടുത്തി വിസ്തരിച്ചിട്ടുള്ളതും ആയ ഒരു ആധാരം ഉണ്ടു. ഒന്നു തിരുമേനിയുടെ സ്ഥാത്തിക്കോനാണ. അതിൽ "ചാത്തുരുത്തിൽ ഗീവറുഗീസു റമ്പാൻ" എന്നു എഴുതിയിരിക്കുന്നതു ഒരു പിശകായി തിരുമേനി തന്നെ വിചാരിച്ചിരുന്നില്ലെന്നു പത്രാധിപരവൎകൾ പ്രസ്താവിച്ചിരിക്കുന്നു. ഇക്കാൎയ്യത്തിൽ ഇതിൽ അധികമായ ഒരു തെളിവു ആവശ്യമുണ്ടൊ എന്നു തോന്നുന്നില്ല. എങ്കിലും പൊതുജനം ഏതു പേരിനെയാണ സ്വീകരിച്ചിരിക്കുന്നതു എന്നു കൂടെ ആലോചിക്കാം. മലങ്കര ഇടവകയിൽ ഇന്നു പ്രായപൂൎത്തിയുള്ള സകല ജനങ്ങളും കണ്ടും കേട്ടും നല്ല പോലെ അറിഞ്ഞിരിക്കുന്നതും ഒരിക്കലും വിസ്മരിക്കപ്പെടാവതല്ലാത്തതും ആയ തിരുമേനിയുടെ ലക്ഷോപലക്ഷം സൽപ്രവൃത്തികളാൽ സുറിയാനി സമുദായം എന്നു വേണ്ട മലയാള ദേശവാസികൾ ഒട്ടുക്കം ഒന്നു പോലെ കൊണ്ടാടി സ്തുതിക്കുന്ന ഏത്രയും പെരികെ പെരികെ

ബഹുമാനപ്പെട്ട ചാത്തുരുത്തിൽ മെത്രാപ്പോലീത്താ തിരുമേനിയെ കല്ലറക്കൽ മെത്രാച്ചനു ആക്കുവാൻ മിസ്റ്റർ ഫോഫ് ഒഴികെ മലയാള ദേശവാസികളിൽ ഏറെയാരും ഉണ്ടാകുമൊ എന്നു സംശയമാണു.

"അറിവുള്ളവരായ ലോകരോടായി
മറിമായം പലതെന്തു കാട്ടിയാലും
കുറയാതിന്നതിലുള്ള തരമെല്ലാം
മറിയും മൂഢനു തന്നെയുള്ള ദോഷം".

എന്നു ഒരു ശ്ലോകം കേട്ടിട്ടുണ്ടു.

൯. "ചാത്തുരുത്തി എന്നതു വന്ദ്യപിതാവിന്റെ കുഡുംബപ്പേർ എന്നു പറയാമെങ്കിൽ കൊച്ചുമെത്രാച്ചൻ എന്നുള്ള തന്റെ സ്ഥാനപ്പേരായിട്ടും പറയരുതൊ. മുളന്തുരുത്തിക്കാരനു അതിനും വിരോധം ഉണ്ടാകയില്ല" എന്നു ൨-ാം വകുപ്പിലും "കൊച്ചുമെത്രാച്ചന്റെ ഇടവകയെ സംബന്ധിച്ചു വല്ലവൎക്കും സംശയമുണ്ടെങ്കിൽ പട്ടക്കടലാസുകൾ വായിച്ചുനോക്കട്ടെ" എന്നു അവസാനവകുപ്പിലും മിസ്റ്റർ ഫോഫു പ്രകടിപ്പിച്ചിരിക്കുന്നു. മുളന്തുരുത്തികാരനു അതിനും വിരോധമില്ലെന്നു ആക്ഷേപകരമായി ഏതു സംഗതിയിൽ ചൂണ്ടികാണിച്ചിരിക്കുന്നുവോ അതു തന്നെ അടുത്ത പത്രികയിൽ എന്നു വേണ്ടാ അവസാന വകുപ്പിൽ സംപൂൎണ്ണമായി സമ്മതിച്ചിരിക്കുന്നതിനെ ആലോചിക്കുമ്പോൾ മിസ്റ്റർ ഫോഫിന്റെ നില ഇപ്പോൾ ഏതു ഘട്ടത്തിലാണാവൊ.

൧൦. "പൊള്ളിപ്രത്തുകാരൻ കല്ലറക്കൽ കുഡുംബത്തിലെ ചെറിയാൻകുഞ്ഞു എന്നാളിന്റെ ഏകപുത്രിയായ ചെറിയാമ്മറിയം എന്ന യുവതിയെ വിവാഹം ചെയ്തു ദത്തവകാശമായി പാൎത്തു ഇളയപുത്രനായ തിരുമേനിയുടെ ജനനം വരെ കണ്ടനാട്ടു താമസിക്കയും അദ്ദേഹത്തിന്റെയും സഹോദര സഹോദരിമാരുടെയും മാമ്മോദീസാ, വിവാഹം മുതലായ കൂദാശകൾ കണ്ടനാട്ടു തന്നെ നടത്തിവരികയും ചെയ്തിരുന്നു എന്നു പത്രിക ൧൨-ാം പുസ്തകം ൯-ാം ലക്കം ൧൩൩-ാം പുറം ൨-ാം വകുപ്പിൽ എഴുതിയിരിക്കുന്നു, മിസ്റ്റർ ഫോഫെ! താങ്കൾ തന്നെ ഈ വാചകം ഒന്നു വ്യാഖ്യാനിക്കയൊ തെറ്റിപ്പോയതാണെങ്കിൽ തിരുത്തുകയൊ ചെയ്യാറാകണം. വ്യാകരണം പഠിക്കുന്ന ചെറിയ കുട്ടികളുടെ ഇടയിൽ വലിയ തൎക്കമായി വന്നിരിക്കുന്നതുകൊണ്ടു അപേക്ഷിക്കുന്നതാണു.

൧൧. വാദവിഷയത്തെ സംബന്ധിച്ചടത്തോളമല്ലാതെ അനാവശ്യമായി മിസ്റ്റർ ഫോഫ് കൊണ്ടുവന്നിരിക്കുന്ന മറ്റു സംഗതികൾക്കു പത്രികവഴി സമാധാനമൊ പ്രത്യുത്തരമൊ പറയുന്നതു യുക്തമല്ലാത്തതിനാൽ അവയെ വിട്ടിരിക്കുന്നു.

ഈ കാരണങ്ങളാൽ തിരുമനസ്സിലെ കുഡുംബക്കാർ ചാത്തുരുത്തി എന്നും ഇടവക മുളന്തുരുത്തി എന്നും തെളിയുന്നു. അതു കൊണ്ടു അനാവശ്യമായും സത്യവിരോധമായും മിസ്റ്റർ ഫോഫ് മലങ്കര ഇടവകയുടെ ഗുരുവാകെ കൊണ്ടുവന്നിരിക്കുന്ന ഈ വെറും വാദങ്ങളുണ്ടാക്കുന്നതിനെ വിരോധ പ്രസ്താവം അറിയിച്ചുകൊണ്ടു എന്റെ ഈ ലേഖനത്തെ സമാപ്തിക്കുന്നു. മുളന്തുരുത്തിക്കാരൻ.

മാർ ഗ്രീഗോറിയോസ്സു ജീവചരിത്രം.

ഈ പുസ്തകത്തിൽ തിരുമനസ്സുകൊണ്ടു മുളന്തുരുത്തി ഇടവകക്കാരനെന്നു പറഞ്ഞിട്ടുള്ളതു അബദ്ധമാണെന്നും അല്ലെന്നും ഇടവകപ്പത്രികയിൽ വാദം നടക്കുന്നതാണല്ലോ. മാർ ഗ്രീഗോറിയോസ്സു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തന്റെ സ്വന്തം കൈകൊണ്ടു എഴുതിയതും മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു സമ്മാനിച്ചതുമായ പുസ്തകം ഒടുവിൽ പറഞ്ഞ തിരുമേനിയുടെ കൈവശം ഇപ്പോഴും ഇരിപ്പുണ്ടു. അതിൽ ഞാൻ മുളന്തുരുത്തി ഇടവകക്കാരനാണെന്നു മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ സ്വന്തമായി എഴുതിയിട്ടുണ്ടു. ആ ഭാഗവും അതിന്റെ തർജ്ജിമയും താഴെ ചേർക്കുന്നു. ഇതുകൊണ്ടു ഈ വാദമുഖം നശിക്കേണ്ടതാണെന്നു പ്രത്യേകം പറയേണമെന്നില്ലല്ലോ.

ܫܠܡ ܟܬܒܐ ܕܬܫܥܝܬܐ ܕܡܪܝ ܓܪܝܓܘܪܝܘܣ [illegible]
[illegible]
[illegible]
[illegible]
[illegible] ✤

(തർജ്ജ—മുളന്തുരുത്തിയിൽ നിന്നുള്ള മുളന്തുരുത്തിക്കാരനായ) നസ്രാണി ഇടവകയുടെ ബലഹീനനും പാപിയുമായ ഗീവറുഗീസു മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായുടെ കൈകളാൽ പട്ടംകൊട, മേബിഹാ, പള്ളി, തബിലൈത്താ, സൈത്തുക്കുദാശ, മുതലായ ക്രമങ്ങളുടെ പുസ്തകം ൧൦൫൮ കർക്കടകം ൨൭-ആം- പരുമല സിമനാരിയിൽ വച്ചു എഴുതിത്തീർന്നു. എം. പി. വർക്കി

ഈ തർക്കം ഇവിടെ അവസാനിപ്പിച്ചിരിക്കുന്നു. മ. ഇ. പ. പ.

സുവിശേഷ സംഘങ്ങളുടെ ആവശ്യകത.

"നിങ്ങൾ ഭൂലോകമെങ്ങും പോയി സകല സൃഷ്ടികൾക്കും സുവിശേഷത്തെ പ്രസംഗിപ്പിൻ"

നമ്മുടെ പരമരക്ഷകന്റെ ഈ തിരുവചനത്തെ അടിസ്ഥാനമാക്കി സുവിശേഷസംഘങ്ങളുടെ ആവശ്യകതയെക്കുറിച്ചു സ്വല്പം ചിന്തിക്കാം. ഇതരസഭകളിൽ എന്നപോലെ നമ്മുടെ (യാക്കോബായ) സഭയിലും ചില ചില സമാജങ്ങളിൽ സുവിശേഷ സംഘങ്ങൾ നടത്തപ്പെടുന്നു എന്നുള്ള കാര്യം സന്തോഷത്തിനു അവകാശം തരുന്നതു തന്നെ. എങ്കിലും നമ്മുടെ സഭയുടെ മഹത്വത്തിനും ഭദ്രതയ്ക്കും ഒഴിച്ചുകൂടാത്തതായ ഏറ്റവും കുറച്ചു സംഘങ്ങൾ മാത്രമേ നടത്തപ്പെടുന്നു എന്നുള്ളതു ഏറ്റവും പരിതാപകരമാകുന്നു. ക്രിസ്ത്യാനികളായ നമ്മെ ദൈവം ഭരമേല്പിച്ചിരിക്കുന്ന താലന്തുകളിൽ ഒന്നായ ഇതിനെ ശരിയായി വ്യാപാരം ചെയ്യുവാൻ സഹായം വരുത്തുന്നതിനു സുവിശേഷ സംഘങ്ങൾ ഉതകുന്നതാകുന്നു. ഇങ്ങനെ ലാഭം വരുത്തുന്നവരോടു നമ്മുടെ കർത്താവു പറയുന്ന വചനങ്ങളെ കേൾപ്പിൻ "നല്ലവരും വിശ്വസ്തരുമായ ദാസന്മാരെ നിങ്ങൾ അല്പത്തിൽ വിശ്വസ്തരായിരുന്നു, ഞാൻ നിങ്ങളെ പലതിന്മേലും ആക്കിവെക്കും. നിങ്ങളുടെ കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിപ്പിൻ." ഇങ്ങനെ ലാഭം വരുത്താത്തവരോടു ചെയ്യേണ്ടതിനെക്കുറിച്ചു പറയുന്ന വചനങ്ങളെ കൂടെ കേൾപ്പിൻ. "പ്രയോജനമില്ലാത്ത ദാസന്മാരെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളുവിൻ, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" ഈ രണ്ടു ക്രമത്തെയും അനുസരിച്ചു നാം സുവിശേഷസംഘത്തിന്റെ ആവശ്യകതയെക്കുറിച്ചു ഏറെക്കുറെ അറിയാം. ഈ പത്രവായനക്കാരായ സഹോദരന്മാരെ നിങ്ങൾ ഇനിയുമെങ്കിലും നമ്മുടെ ഉറക്കത്തിൽ നിന്നുണരുവിൻ സുവിശേഷസംഘങ്ങൾ ഏർപ്പെടുത്തുവിൻ: തന്റെ യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു അതിനെ ചെയ്യാതെ ഇരിക്കുന്ന ദാസനു അധികം അടികൾ കൊള്ളപ്പെടും. നിങ്ങൾ അറിഞ്ഞിട്ടു ഇതിനെ ചെയ്യാതിരിക്കുന്നു എങ്കിൽ നിങ്ങൾക്കു ശിക്ഷാവിധിയെ നിങ്ങൾ തന്നെ വലിച്ചുകൂട്ടുന്നവരല്ലൊ. ഈ അവസാനകാലങ്ങളിൽ ഇതാ അന്യമത പ്രസംഗികൾ ഇറങ്ങി വിഹരിക്കുന്നു. മതങ്ങൾ ഒരിടത്തു, ആനിബെസന്റു മദാമ്മ മറെറാരിടത്തു, ക്രിസ്ത്യാനിമതത്തെ ആക്ഷേപിച്ചു പ്രസംഗിക്കുന്നൊരാൾ. ഹിന്ദുമതത്തെ പ്രസംഗിക്കുന്ന മറെറാരാൾ. ക്രിസ്ത്യാനിമതത്തെ ആക്ഷേപിക്കുന്നവരുടെ അധികപ്രസംഗത്തെ കേൾക്കാതിരിക്കയാണു നല്ലതു. എന്തെന്നാൽ അവരുടെ തർക്കങ്ങളെ ഓരോന്നിനേയും എടുത്തുനോക്കിയാൽ വെറും മൌഢ്യങ്ങളാണെന്നു കാണാം. അറിവില്ലാത്ത ക്രിസ്ത്യാനികളെയും ക്രിസ്ത്യാനികളെക്കുറിച്ചു അറിഞ്ഞിട്ടില്ലാത്ത ഹിന്ദുക്കളെയും

കബളിപ്പിക്കുവാൻ മാത്രം ഇത്തരം പ്രസംഗങ്ങൾ ഉപകരിക്കും. മഹാത്മാക്കളായിരുന്ന പ്ലേറ്റൊ, സോക്രട്ടീസ്, ഏസ്കുലസ് മുതലായവരുടെ അത്യുത്തമ ജ്ഞാനങ്ങളെ പാടിയുന്ന ഗംഭീരമായ ... യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ മനസ്സിലാക്കിയ, അപ്പൊസ്തോലന്മാരിൽ ജ്ഞാനവും വേദപുസ്തകത്തിലുള്ള ... ലോകങ്ങളുടെ കർത്താവ്, യേശുക്രിസ്തുവിന്റെ സത്യദാസനായ ... ശ്ലീഹാ ഗലാത്യസഭക്കാരോട പറയുന്നതിനെ ... എങ്കിലും ഞങ്ങൾ നിങ്ങൾക്കു സുവിശേഷിച്ചതിന്നു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൈവദൂതനാകട്ടെ നിങ്ങൾക്കു സുവിശേഷിച്ചാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ'. പ്രിയമുള്ളവരെ! നമുക്കു ഇതിൽ വലിയ ഉറപ്പ എന്തെനാണു വേണ്ടു. നമ്മുടെ മതത്തിന്നു എതിരായി പ്രസംഗിക്കുന്നവരെ പൌലോസ ശ്ലീഹാ പറയുന്നപ്രകാരം ശപിക്കപ്പെട്ടവരായി നാം എണ്ണികൊൾമതി. ഈ പ്രകാരമുള്ള പ്രസംഗികളുടെ ദുരുപദേശത്തിൽ അകപ്പെടാതിരിക്കുന്നതിന്നു ഒരു നല്ല സൂത്രമാകുന്നു സുവിശേഷമല്ലൊ.

അന്യമത പ്രസംഗികളിൽ ഒരുത്തരും മനുഷ്യജാതിയുടെ പാപങ്ങൾക്കു പരിഹാരം എന്തെന്നും അതുമൂലം അതിന്റെ മോചനം കിട്ടുമെന്നും പറയുന്നില്ല. എന്നാൽ ക്രിസ്ത്യാനിമതത്തിന്റെ മുഖ്യ ഉദ്ദേശം ഇതാകുന്നു. ലൂക്കോസ ൨൪ അ ൪൭ വാക്യം. "അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും സകല ജാതികളിലും പ്രസംഗിക്കപ്പെടുകയും വേണം". സുവിശേഷ സംഘങ്ങളുടെ ഉദ്ദേശം ഇതു തന്നെയാണ. എന്നാൽ ചില സംഘങ്ങളിൽ ഈ ഉദ്ദേശം വേറെ ഒരു വിധമായിട്ടാണ കണ്ടുവരുന്നതു. അതു എങ്ങിനെയെന്നാൽ പുറജാതികളോടു സുവിശേഷം പ്രസംഗിക്കാതെ സംഘാംഗങ്ങൾ കൂടി അവർ തമ്മിൽ ഗുണദോഷങ്ങൾ പറഞ്ഞു പിരിയുക. എന്നാൽ സഹോദരന്മാരെ അതുമാത്രം പോരാ. എന്തെന്നാൽ സുവിശേഷസത്യത്തെ അറിയാതെ പാപാന്ധകാരത്തിൽ കിടന്നു എത്രയൊ പുറജാതികൾ ഉഴലുന്നു. നമ്മുടെ സമസൃഷ്ടികളായ അവരുടെ നാശത്തിനു നാം കാരണമാകുന്നു എങ്കിൽ എന്തു കഷ്ടമാണ. അതുകൊണ്ടു മേല്പറഞ്ഞ വിധത്തിൽ മാത്രം നടത്തപ്പെടുന്ന സംഘങ്ങൾ ഉണ്ടെങ്കിൽ അവരുടെ സമയത്തെ പുറജാതികളോടു സുവിശേഷിക്കുന്നതിന്നു കൂടെ ഉപയോഗിക്കട്ടെ. ഈ പ്രകാരമുള്ള സംഘങ്ങൾ ഇല്ലാത്ത ദിക്കിലെ സഹോദരന്മാരെ നിങ്ങൾ ഇനിയും എന്നാണ സംഘങ്ങൾ ഏർപ്പെടുത്തി സുവിശേഷവേല ആരംഭിക്കുന്നതു? "മനുഷ്യപുത്രൻ വരുവോളം നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെ സഞ്ചരിച്ചു തീരുകയില്ല" എന്നു നമ്മുടെ കർത്താവു പറയുന്നു. നാം മടിയരായിരുന്നാൽ എത്രഅധികം ആത്മാക്കൾ നശിക്കുന്നതിനിടയാകും.

സൂചനകൾ.

മൂവാററുപുഴക്കു കിഴക്കു പ്രവിത്താനത്തു ഊന്നുകൽ ആഗസ്തി എന്നുപേരായി ഒരു റോമാക്കാരനായ ബാല്യക്കാരനെ ഇപ്പോൾ തിരുവനന്തപുരത്തു ഭ്രാന്താശുപത്രിയിൽ ചേർപ്പാനായി കൊണ്ടുപോയിരുന്നു. അവനെ ആശുപത്രിയിൽ ആക്കുന്നതിലേക്കു വേണ്ടി കൊട്ടാരത്തു ഉത്തരവിനായി കാത്തുകൊണ്ടു രണ്ടു ദിവസം വെളിയിൽ താമസിപ്പിച്ചുകൊണ്ടിരിക്കയിൽ പുതുപ്പള്ളിയിൽ നിന്നും ചെന്നിരുന്ന ഒരാളിൽനിന്നു കൊച്ചുത്രേസ്യായുടെ അത്ഭുതകരമായ ശക്തിയെപ്പററി കേട്ടറികയും അപ്പോൾ തന്നെ അവർ പൂർണ്ണ വിശ്വാസത്തോടെ തെരേസായുടെ മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ടു വഴിപാടു നേർന്നു അയാളെ പള്ളിയിൽ [illegible] പിറെറ ദിവസം രാവിലെ മുതൽ ഭ്രാന്തു മാറിയിരുന്നവൻ നല്ല സുബോധമുള്ളവനായി തീർന്നതിനാൽ അവർ എത്രയും സന്തോഷിച്ചു തെരേസാപുണ്യവതിയുടെ നാമത്തിൽ ദൈവത്തെ സ്തോത്രപ്പെടുത്തികൊണ്ടു സ്വദേശത്തേക്കു മടങ്ങിപ്പോയിരിക്കുന്നു.

❖ ❖ ❖ ❖

പരുമല സിമ്മനാരിപള്ളിയിൽ കബറിങ്കൽ മാർ ഗ്രീഗോറിയോസ [illegible] മഹത്വം [illegible] വരുന്നുണ്ടു. [illegible] വരുന്നവർ തങ്ങളുടെ ഇടവക വികാരിമാരുടെ എഴുത്തുംകൊണ്ടു വരണമെന്നു പ്രത്യേകം ഏല്പിച്ചിട്ടുണ്ടെങ്കിലും അന്യദേശക്കാർ ആ വിവരം അറിയാതെ വന്നുകൊണ്ടിരിക്കുന്നതിനാൽ വളരെ കുഴപ്പം നേരിടുന്നു. ആയതിനാൽ അന്യ ഇടവകകളിൽ നിന്നു ഉപവാസ ദിവ്യ ശുശ്രൂഷകൾക്കായി വരുന്നവർ എല്ലാവരും [illegible] തങ്ങളുടെ ഇടവകപട്ടക്കാരന്റെ എഴുത്തു കൂടി [illegible] ണമെന്നു പ്രസിദ്ധപ്പെടുത്തണമെന്നു ബ. ദി. ശ്രീ പുന്നൂസ റമ്പാച്ചൻ അവർകൾ ഞങ്ങളോടു ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വിവരം ഇവിടെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

❖ ❖ ❖ ❖

ഒരു സംശയം—കഴിഞ്ഞ യൽദാ പെരുന്നാളിനു പെരുമ്പാവൂർ ബേതേൽ പള്ളിയിൽ എന്റെ ഒരു സ്നേഹിതൻ പോയിട്ടുണ്ടായിരുന്നു. ആ പെരുന്നാൾ ഇവിടെ വളരെ ഭംഗിയായി ആഘോഷിച്ച കൂട്ടത്തിൽ ഉണ്ടായിട്ടുള്ള ഒരു സംശയമാണു താഴെ ചേർക്കുന്നു. പട്ടക്കാരുടെ ദിവ്യ സംഗീതങ്ങൾക്കു പുറമെ അന്യമതക്കാരായ പലരും സംഗീതം പാടിയ കൂട്ടത്തിൽ [illegible] സ്ത്രീകളും ഉണ്ടായിരുന്നു. നമ്മുടെ സഭയിൽ സ്ത്രീകൾ [illegible] സന്ദർഭത്തിലും പള്ളിയിൽ വച്ചു സംസാരിക്കപോലും [illegible] അന്യ പള്ളിയിൽ പ്രവേശിച്ചു ഇപ്രകാരം ചെയ്യു [illegible] അത്ഭുതപ്പെട്ടു. ഇതു അനീതിയൊ നീതിയൊ [illegible] ജനങ്ങൾ ദയവു ചെയ്തു എന്റെ സംശയത്തെ [illegible] തീർത്തു തരണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

[illegible]

❖ ❖ ❖ ❖

മലെക്കുരിശു—പുത്തൻകുരിശു പള്ളിക്കു സമീപം [illegible] ബാക്കിയായുള്ള [illegible] ഒരു മലമുകളിൽ [illegible] ഒരു കുരിശും കഴിഞ്ഞുപോയ മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകമായി ഒരു കവറ്റു സ്ഥാപിച്ചിട്ടുണ്ടെന്നും [illegible] ഒരു ലക്കം പത്രിക മുഖാന്തിരം അറിഞ്ഞു. എന്നാൽ ആ [illegible] കാലത്തു ആ സ്ഥലത്തു തന്നെ സ്ഥാപിക്കുന്നതിനു മാർ [illegible] യുടെ തിരുശേഷിപ്പു കൊടുക്കാമെന്നു കല്പിച്ചിട്ടുണ്ടായിരുന്നു. [illegible] ആയിരുന്നതിനാൽ തന്റെ ഭക്തവാത്സല്യത്തെ [illegible] തിരുശേഷിപ്പുകൾ ആ സ്ഥലത്തു സ്ഥാപിക്കുന്നതിനു അയച്ചുകൊടുത്തു. എന്നാൽ അതിന്റെ ഭാരവാഹികൾ ഇതിനെ ഇതുവരെ [illegible] കേശക്കേടു എത്രയും അത്ഭുതം തന്നെ. ആ സ്ഥലത്തു സ്ഥാപിക്കുന്നതിനു തങ്ങൾ വാങ്ങിക്കൊണ്ടുപോന്ന തിരുശേഷിപ്പിൽ കുറെ [illegible]. സ്ഥലത്തു സ്ഥാപിക്കേണ്ടതു എത്രയും ആവശ്യമാകയാൽ ഇനിയെങ്കിലും ഭാരവാഹികൾ അതിനു ഉത്സാഹിക്കുമെന്നു വിശ്വസിക്കുന്നു.